# ശ്രീ നാരായണ ഗുരു

ഗുരു ജീവിച്ചിരിക്കുമ്പോൾ രചിയ്ക്കപ്പെട്ട
ഏക ജീവചരിത്രം

## കുമാരനാശാൻ

Digitized By Kerala Sahitya Akademi

# ശ്രീ നാരായണ ഗുരു

Digitized By Kerala Sahitya Akademi

# മഹാകവി
# എൻ. കുമാരനാശാൻ

# ശ്രീനാരായണ ഗുരു

(ജീവചരിത്രം)

— ഇംപ്രിൻറ് ബുക്സ് —

1995

വില 22.00

Digitized By Kerala Sahitya Akademi

Malayalam
SREE NARAYANA GURU
Biography
by N. KUMARAN ASAN
First published 1915
First Imprint Edition–
November 1995
Rights Reserved
Cover design: Imprint
Printed at
Bethel Printers, Chingavanam
Publishers
IMPRINT BOOKS
Kollam 691008, Kerala, India

ISBN 81–85546–61–4 Rs. 22.00

12/95-96 IB61-11/-95 1-1000

Digitized By Kerala Sahitya Akademi

## പ്രസാധകക്കുറിപ്പ്

നാരായണഗുരുവിനെ തിരിച്ചറിഞ്ഞ ശിഷ്യപ്രധാനിയാണ് മഹാകവി കുമാരനാശാൻ. ഗുരു ജീവിച്ചിരിക്കുമ്പോൾ പ്രസിദ്ധപ്പെടുത്തിയ ഏക ജീവചരിത്രമാണിത്. 1090– ൽ 'വിവേകോദയം' മാസികയിലൂടെയാണിത് പ്രസിദ്ധപ്പെടുത്തിയത്. പിന്നീട് പ്രസിദ്ധപ്പെടുത്തിയ എല്ലാ ഗുരു ചരിത്രങ്ങൾക്കും അടിസ്ഥാനമായത് ഈ ലഘുഗ്രന്ഥമാണ്. വിവേകോദയത്തിലൂടെ ഗുരുവിനെപ്പററി ആശാൻ എഴുതിയ മുഖപ്രസംഗങ്ങളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

—വൈ. എ. റഹിം

Digitized By Kerala Sahitya Akademi

## അദ്ധ്യായം ഒന്നു്

തിരുവനന്തപുരത്തു നിന്നു മൂന്നുനാഴിക വടക്കാണു് പ്രസിദ്ധമായ ഉള്ളൂർ സുബ്രഹ്മണ്യക്ഷേത്രം. അവിടെ നിന്നു രണ്ടു നാഴിക വടക്കു കിഴക്കായി പോയാൽ ചെമ്പഴന്തി എന്ന ചരിത്രപ്രസിദ്ധമായ പഴയ ഒരു ഗ്രാമമാണു്. അവിടെ ഒരു പുരാതനമായ ഈഴവ കുടുംബത്തിൽ കൊല്ലവർഷം 1032–ാമാണ്ടു് ചിങ്ങമാസത്തിൽ ചതയം നക്ഷത്രത്തിൽ സ്വാമി ജനിച്ചു. മാതാപിതാക്കന്മാർ സദ്വൃത്തിയും ഈശ്വരഭക്തിയും ഉള്ളവർ ആയിരുന്നു. അച്ഛൻ മാടനാശാൻ എന്ന ഒരു അദ്ധ്യാപകനും, അമ്മാവൻ കൃഷ്ണൻ വൈദ്യൻ എന്ന ഒരു ചികിത്സകനും ആയിരുന്നു.

സ്വാമിക്കു മൂന്നു സഹോദരിമാർ ഉണ്ടായിരുന്നു. സ്വാമി കുട്ടിക്കാലത്തിൽ ശാന്തനായിരുന്നില്ല. ചൊടിപ്പുള്ള ഒരു കുട്ടിയായിരുന്നു. ചില സംഗതികളിൽ ഒരു വിധം വികൃതിയായിരുന്നു എന്നു കൂടിപ്പറയാം.

വീട്ടിൽ പൂജയ്ക്കായി ഒരുക്കിവയ്ക്കുന്ന പഴവും പലഹാരങ്ങളും പൂജകഴിയുന്നതിനുമുമ്പു് എടുത്തു ഭക്ഷിച്ചു കളയുന്നതിൽ കുട്ടി അസാമാന്യമായ കൗതുകം കാണിച്ചു.

'താൻ സന്തോഷിച്ചാൽ ദൈവവും സന്തോഷിക്കും' എന്നു പറയുകയും തന്റെ ആ കൃത്യത്തെ തടയാൻ ശ്രമിക്കുന്നവരെ എങ്ങനെയെങ്കിലും ആ ബാലൻ തോല്പിക്കുകയും ചെയ്യും. തീണ്ടാൻ പാടില്ലാത്ത കീഴ്ജാതിക്കാരെ ദൂരത്തെവിടെയെങ്കിലും കണ്ടാൽ ഓടിയെത്തി അവരെ തൊട്ടിട്ടു കുളിക്കാതെ അടുക്കളയിൽ കടന്നു സ്ത്രീകളെയും അധികം ശുദ്ധം ആചരിക്കാറുള്ള പുരുഷന്മാരെയും തൊട്ടു് അശുദ്ധമാക്കുന്നതു കുട്ടിക്കു രസകരമായ ഒരു വിനോദമായിരുന്നു.

ബുദ്ധിമാനും സുന്ദരനും തറവാട്ടിലെ ഏകപുത്രനുമായ കുട്ടിയെ ആ വക കുററങ്ങൾക്കു മാതാപിതാക്കന്മാർ തല്ലിയിട്ടില്ല.

Digitized By Kerala Sahitya Akademi

# അദ്ധ്യായം രണ്ട്

സ്വാമിയെ വിദ്യാരംഭം ചെയ്യിച്ചതു് കേരംവികേട്ട ചെമ്പ ഴന്തിപ്പിള്ളമാരുടെ തറവാട്ടിലെ അന്നത്തെ കാരണവരാണ്. അദ്ദേഹം ഒരു നല്ല ജ്യോത്സ്യനും സ്ഥലത്തെ പാർവ്വത്യകാരനുമായിരുന്നു. അക്ഷരാഭ്യാസവും അന്നത്തെ ഉരംനാട്ടിലെ രീതി അനുസരിച്ച സിദ്ധരൂപം, ബാലപ്രബോധനം, അമരം മുതലായ ബാലപാഠങ്ങളും കഴിഞ്ഞശേഷം, സ്വദേശത്തു് ഉയർന്നതരം പഠിത്തത്തിനു സൗകര്യം ഇല്ലാതിരുന്നതിനാൽ സ്വാമിക്കു പഠിപ്പു മതിയാക്കേണ്ടിവന്നു.

കുടുംബത്തിലെ പ്രധാന ജോലി കൃഷിയായിരുന്നു. സ്വാമി തന്റെ പ്രായത്തിനനുസരിച്ച് അതിൽ സഹായിക്കയും അടുത്ത കാട്ടുപ്രദേശങ്ങളിൽ കന്നു കാലികളെ മേച്ചുകൊണ്ടു കുറേ നാരം കഴിക്കുകയും ചെയ്തിരുന്നു. മദ്ധ്യാഹ്ന കാലത്തു് വൃക്ഷങ്ങളുടെ തണലിൽ പശുക്കരം മേഞ്ഞു നില്ക്കുമ്പോരം സ്വാമി ഇലകരം നിറഞ്ഞ മരക്കൊമ്പുകളിൽ കയറിയിരുന്നു നീലവർണ്ണമായ ആകാശത്തെ നോക്കി മനോരാജ്യം ചെയ്യുകയും സംസ്കൃത പദ്യങ്ങരം ഉരുവിട്ടു പഠിക്കുകയും ചെയ്ക പതിവായിരുന്നു.

സസ്യങ്ങരം കൃഷിചെയ്തുണ്ടാക്കുന്നതിൽ സ്വാമിക്കു വലിയ വാസനയായിരുന്നു. തന്നത്താൻ വെററിലക്കൊടി നട്ടു നനച്ചു വളർത്തിയിട്ടുള്ളതിനെപ്പററി പലപ്പോഴും സ്വാമി പറഞ്ഞു രസിക്കാറുണ്ടു്. ബാല്യം കഴിയുന്നതിനു മുമ്പുതന്നെ സ്വാമി ഒരു വലിയ സാത്വികനും ഭക്തനുമാണെന്നു ജനങ്ങരം അറിഞ്ഞു കഴിഞ്ഞു.

21–ാമത്തെ വയസ്സിൽ, അതായതു് 1053–ൽ, സ്വാമി സംസ്കൃതം പഠിപ്പാനായി കരുനാഗപ്പള്ളി താലൂക്കിൽ പുതുപ്പള്ളി കുമ്മംപള്ളിൽ രാമൻപിള്ള ആശാൻ അവർകളുടെ അടുക്കലേക്കുപോയി. അവിടെ വാരണപ്പള്ളി എന്ന പ്രസിദ്ധ കുടുംബത്തിലാണ് സ്വാമി താമസിച്ചിരുന്നതു്.

കഴിഞ്ഞുപോയ തിരുവനന്തപുരം പെരുനെല്ലി കൃഷ്ണൻ വൈദ്യർ, വെളുത്തേരി കേശവൻ വൈദ്യർ മുതലായി പലേ യോഗ്യന്മാരും സഹാധ്യായികളായിരുന്നു. ഈ സഹപാഠികളുടെയും അവിടെ ഉണ്ടായിരുന്ന മററു ചെറുപ്പക്കാരുടെയും സഹവാസത്തിനേക്കാരം സ്വാമി അധികം ഇഷ്ടപ്പെട്ടിരുന്നതു് ഏകാദശി മുതലായ വ്രതങ്ങരം അനുഷ്ഠിച്ചും പുരാണങ്ങരം

Digitized By Kerala Sahitya Akademi

വായിച്ചും ദിവസം കഴിച്ചിരുന്ന അവിടത്തെ വൃദ്ധന്മാരുടെയും വൃദ്ധകളുടെയും സാഹചര്യത്തെ ആയിരുന്നു.

ഉറക്കത്തിൽപോലും ഈശ്വരനാമങ്ങളും മന്ത്രങ്ങളും സ്വാമിയുടെ മുഖത്തുനിന്നു് സ്വതേ പുറപ്പെടുന്നതായി പലരും കേട്ടിട്ടുണ്ടു്.

സ്വാമിയുടെ ഈശ്വരഭക്തിയേയും സാത്വികമായ സ്വഭാവവിശേഷത്തെയും പററി പല കഥകളും ആ സ്ഥലത്തുള്ളവർ ഇന്നും ഭക്തിബഹുമാനപൂർവ്വം പറഞ്ഞു വരുന്നുണ്ടു്.

ഗജേന്ദ്രമോക്ഷം കഥയെ വാരണപ്പിള്ളി തറവാട്ടിലെ കാരണവരുടെ ആവശ്യപ്രകാരം സ്വാമി ഒരു വഞ്ചിപ്പാട്ടായി അവിടെവച്ചു് എഴുതിയതു് ഇപ്പോഴും അവിടുത്തുകാരിൽ ചിലർ പാടി കേൾക്കാറുണ്ടു്. സ്വാമിയുടെ ഇഷ്ടദേവത അപ്പോൾ വിഷ്ണുവായിരുന്നു.

ബാലകൃഷ്ണനെ പലപ്പോഴും മുൻപിൽ കൂത്താടുന്നതായി സ്വാമി പ്രത്യക്ഷത്തിൽ കണ്ടിട്ടുണ്ടത്രെ.

സംസ്കൃതത്തിൽ പല വിഷ്ണുസ്തോത്രങ്ങളും സ്വാമി അന്നു് എഴുതിയിട്ടുണ്ടായിരുന്നു.

സ്വാമിയുടെ ബുദ്ധിയും ഓർമ്മയും വലിയ ശക്തിയുള്ളവയായിരുന്നു. ഒരിക്കൽ വായിച്ച പുസ്തകങ്ങളേയോ കേട്ട വിഷയത്തെയോ മറക്കുക പതിവില്ലായിരുന്നു.

രണ്ടു കൊല്ലത്തിനുള്ളിൽ കാവ്യനാടകാലങ്കാരങ്ങളിൽ നല്ല വ്യുത്പത്തി സമ്പാദിച്ചു് ഗുരുദക്ഷിണ കഴിഞ്ഞു് അവിടത്തെ പഠിത്തം അവസാനിപ്പിച്ചു.

ഗുരുനാഥനായ രാമൻപിള്ള ആശാൻ അവർകൾക്കു് എല്ലാ ശിഷ്യന്മാരിലുംവച്ചു് സാത്വികനായ സ്വാമിയിൽ സ്നേഹവിശേഷം ഉണ്ടായിരുന്നു.

വാരണപ്പള്ളിയിൽനിന്നു മടങ്ങിപ്പോരാൻ ഒരുങ്ങുമ്പോൾ ഒരു കഠിനമായ രക്താതിസാരം ആരംഭിച്ചതിനാൽ സ്വദേശത്തിൽനിന്നു് ആളുകൾ ചെന്നു് സ്വാമിയെ കൊണ്ടുപോരികയാണുണ്ടായതു്. സ്ഥലം വിടുമ്പോൾ രോഗത്തിൻെറ കാഠിന്യത്താൽ സ്വാമിക്കു് പ്രജ്ഞയില്ലായിരുന്നു. സ്വാമിയുടെ ആ സ്ഥിതിയിലുള്ള വേർപാടിൽ കരയാത്തവരായി അന്നു് അവിടെ ആരും ഉണ്ടായിരുന്നില്ല.

## അദ്ധ്യായം മൂന്നു്

വീട്ടിൽ മടങ്ങിവന്നതിനുശേഷം അധികം താമസിക്കാതെതന്നെ രോഗം സുഖപ്പെട്ടു. കുറേക്കാലം ചെമ്പഴന്തിയിൽ

Digitized By Kerala Sahitya Akademi

തന്നെ സ്വാമി കുട്ടികളെ വായിപ്പിച്ചു താമസിച്ചു. നാണു ആശാൻ എന്ന പഴയ പേർ സ്വാമികൾക്ക് അങ്ങനെ സിദ്ധിച്ചതാണ്.

നാൾ പോകുന്തോറും സ്വാമിക്ക് ഈശ്വരഭക്തിവർദ്ധിക്കുകയും ലൌകിക ജീവിതത്തിൽ സക്തി കുറഞ്ഞുവരികയും ചെയ്തു. 'ഗീത ഗോവിന്ദം' എന്ന പ്രസിദ്ധ ഗ്രന്ഥം അക്കാലത്തു സ്വാമി ദിവസേന പാരായണം ചെയ്തിരുന്നതായി അറിയുന്നു.

ഇതിനിടയിൽ മാതാപിതാക്കന്മാരുടെയും മററും നിർബ്ബന്ധത്തിൽ സ്വാമി വിവാഹം കഴിക്കേണ്ടിവന്നു. എന്നാൽ വിഷയസുഖങ്ങൾക്ക സ്വാമിയെ വ്യാമോഹിപ്പിപ്പാൻ കഴിഞ്ഞില്ല. പിന്നെ സ്വല്പകാലത്തിനുള്ളിൽ അമ്മ മരിച്ചു. 1060–ൽ അച്ഛനും കാലധർമ്മം പ്രാപിച്ചു. സ്വാമി ദാമ്പത്യബന്ധത്തിൽനിന്നു് ഇതിനു മുൻപുതന്നെ മോചിച്ചിരുന്നു.

മാതാപിതാക്കന്മാരുടെ മരണശേഷം കുടുംബബന്ധത്തിൽനിന്ന് മോചിക്കുന്നത് സ്വാമിക്ക് എളുപ്പമായിത്തീന്നു. കാരണവർ ഗൃഹഭരണത്തിനായി സ്വാമിയെ നിർബ്ബന്ധിച്ചു എങ്കിലും മതസംബന്ധമായ വിഷയത്തിൽ ജീവിതകാലം നയിപ്പാനുള്ള തൻെറ ദൃഢനിശ്ചയത്തിന് ആ നിർബ്ബന്ധം കൊണ്ടു് ഇളക്കം ഒന്നും ഉണ്ടായില്ല. സ്വാമി ഇതിനുശേഷം വീട്ടിൽ താമസിക്കാതെയായി. രാത്രിയും പകലും സമീപത്തുള്ള ജനവാസമില്ലാത്ത കുന്നുകളിലും, കാടുകളിലും, പാറ ഇടുക്കുകളിലും, സമുദ്ര തീരങ്ങളിലും, ക്ഷേത്രങ്ങളിലും, മററ് ഏകാന്ത സ്ഥലങ്ങളിലും സ്വാമി ധ്യാനനിരതനായി ഇരിക്കുന്നതും, ഏകാകിയായി സഞ്ചരിക്കുന്നതും പലപ്പോഴും പലരും കണ്ടിട്ടുണ്ട്.

ഇക്കാലത്ത് സ്വാമി, 'പ്രാചീന മലയാളം' മുതലായ ഗ്രന്ഥങ്ങളുടെ കർത്താവായ കുഞ്ഞൻപിള്ള ചട്ടമ്പി എന്ന മഹാനുമായി പരിചയപ്പെടുകയും ആ വഴി തിരുവനന്തപുരത്തു 'തൈക്കാട്ട് അയ്യാവ്' എന്ന സുബ്രഹ്മണ്യഭക്തനും യോഗിയുമായ ഗുരുവിൻെറ അടുക്കൽനിന്നു് യോഗാഭ്യാസ സംബന്ധമായ ഉപദേശം കൈക്കൊള്ളുകയും ചെയ്തു.

സ്വാമി സുബ്രഹ്മണ്യോപാസകനായതു് ഇതുമുതലാണ്. ഇങ്ങനെ രണ്ടുമൂന്നുകൊല്ലം സ്വദേശത്തുതന്നെ പല സ്ഥലങ്ങളിലുമായി യോഗം ശീലിച്ചുകൊണ്ടു താമസിക്കുകയും സഞ്ചരിക്കുകയും ചെയ്തു.

വേളിയിൽ സമുദ്രതീരത്ത് ഒരു കുടിൽകെട്ടി സ്വാമി കുറേനാൾ അതിൽ താമസിക്കുകയും അതിനുശേഷം അഞ്ചു

Digitized By Kerala Sahitya Akademi

തെങ്ങിൽ ഒരു ഒഴിഞ്ഞ പഴയ ക്ഷേത്രത്തിൽ കുറേനാൾ ഇരിക്കുകയും ചെയ്തിട്ടുണ്ട്. അവിടെ ചിലരെ ഇഷ്ടമുള്ള സമയങ്ങളിൽ സ്വാമി സംസ്കൃതം വായിപ്പിച്ചിരുന്നു.

സ്വാമിയെ അക്കാലങ്ങളിൽ ഏതാനും ദിവസം സ്ഥിരമായി ഒരു ദിക്കിൽ കാണുക പതിവില്ല. കുറേ നാൾ സ്വദേശത്ത് എങ്ങും തന്നെ കണ്ടിട്ടില്ല. അപ്പോൾ ദക്ഷിണ ഇൻഡ്യയിലുള്ള പഴനി തുടങ്ങിയ പല മഹാ ക്ഷേത്രങ്ങളും സ്വാമി സന്ദർശിച്ചിട്ടുള്ളതായറിയുന്നു. ആ സഞ്ചാരത്തിൽ സ്വാമി ഭിക്ഷാടനംകൊണ്ടുപജീവിക്കയും, വഴിയമ്പലങ്ങളിൽകിടന്നുറങ്ങുകയും ആണ് ചെയ്തിട്ടുള്ളത്.

ഇങ്ങനെയുള്ള സഞ്ചാരങ്ങളിൽ സ്വാമിക്കു പലപ്പോഴും ആപത്തുകൾ നേരിടാൻപോയതായും, അതിൽ നിന്നൊക്കെയും അത്ഭുതകരമാം വണ്ണം രക്ഷപ്പെട്ടിട്ടുള്ളതായും പല കഥകളും കേട്ടിട്ടുണ്ട്.

## അദ്ധ്യായം നാല്

കുറെ കാലം കഴിഞ്ഞു സ്വാമി മടങ്ങിയെത്തി. ഏകാകിയായും അജ്ഞാതനായും കേരളത്തിന്റെ നാനാഭാഗത്തും സ്വാമി ഇക്കാലത്തു സഞ്ചരിച്ചിരുന്നു.

സ്വാമിയുടെ ദൃഢമായ ബ്രഹ്മചര്യവും, തപസ്സും യോഗവും ക്രമേണ അത്ഭുതകരങ്ങളായ ഫലങ്ങളെ പ്രദർശിപ്പിച്ചു തുടങ്ങി. ചെല്ലുന്ന ദിക്കിലെല്ലാം കുഷ്ഠം മുതലായ മഹാരോഗങ്ങൾ പിടിപെട്ട കഷ്ടപ്പെട്ടവർ സ്വാമിയുടെ അടുക്കൽ വന്നുചേരുകയും, ഏതെങ്കിലും ഒരു പച്ചിലയോ എന്തെങ്കിലും ഒരു ഭക്ഷണസാധനമോ എടുത്തുകൊടുത്ത് അവരുടെ രോഗങ്ങളെ സ്വാമി സുഖപ്പെടുത്തുകയും ചെയ്തിരുന്നു. ബ്രഹ്മരക്ഷസ്സ് അപസ്മാരം മുതലായ ഉപദ്രവത്താൽ വളരെക്കാലം കഷ്ടത അനുഭവിച്ചിരുന്ന രോഗികൾക്കു സ്വാമിയുടെ ദർശനമാത്രത്താൽ തന്നെ പൂർണ്ണസുഖം കിട്ടീട്ടുണ്ട്. അനവധി കുട്ടിച്ചാത്തൻമാരുടെ ഉപദ്രവങ്ങളെയും സ്വാമി വിലക്കി മാററിയിട്ടുണ്ട്.

നാനാജാതിക്കാരായ ഹിന്ദുക്കളുടെ ഇടയിൽ പല മാന്യതറവാടുകളിലുമുള്ള വന്ധ്യകൾ സ്വാമിയുടെ കൈകൊണ്ടു വല്ല പഴമോ മറേറാ വാങ്ങി ഭക്ഷിക്കുകയോ സ്വാമിയുടെ ഒരു അനുഗ്രഹവാക്കു ലഭിക്കുകയോ ചെയ്തശേഷം താമസിയാതെ ഗർഭംധരിച്ചു പ്രസവിച്ചിട്ടുണ്ട്. ഒരിക്കലും കുടിവിടാത്ത അനേകം മദ്യപൻമാരുടെ മദ്യപാനവും സ്വാമി നിർത്തീട്ടുണ്ട്.

Digitized By Kerala Sahitya Akademi

സ്വാമിയുടെ വാക്കിനെ ലംഘിച്ചു കൊതികൊണ്ടു വീണ്ടും മദ്യപാനം ആരംഭിച്ച ചിലർ മദ്യം കാണുമ്പോൾ ഛർദ്ദിക്കുകയും ചെയ്തിട്ടുണ്ട്.

സ്വാമിയുടെ ഈ അത്ഭുത പ്രവർത്തികളും സിദ്ധികനിഷ്ഠയും കണ്ടു വിശ്വാസത്താൽ പലരും അദ്ദേഹത്തിൻെറ പേരിൽ ഈശ്വരൻെറ പേരിൽ എന്നപോലെ നേർച്ചകൾ നേരുകയും രോഗശാന്തി മുതലായ ഫലങ്ങൾ അതിൽനിന്നും അവർക്കു ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആ താരുണ്യ ദശയിൽ പ്രകൃത്യാ സുമുഖനും ശാന്തഹൃദയനുമായ സ്വാമി ഏതു ജനക്കൂട്ടത്തിനിടയിൽ കാണപ്പെട്ടാലും യോഗശക്തികൊണ്ട് ഉജ്ജ്വലമായ മുഖത്തുള്ള പ്രത്യേക തേജോവിശേഷം അവിടന്ന് ഒരു അമാനുഷനാണെന്നു വിളിച്ചു പറയുമായിരുന്നു.

സ്വാമി ജനങ്ങളുടെ ഇടയിൽനിന്നു തെററി ഒഴിഞ്ഞ് ഏകാന്തമായി സഞ്ചരിക്കുക സാധാരണയായിരുന്നു. അക്കാലത്തു ഗ്രാമങ്ങളിലോ നഗരങ്ങളിലോ അദ്ദേഹത്തെ കണ്ടെത്തിയാൽ ഒരു വലിയ പുരുഷാരം ചുററും കൂടുക പതിവാണ്. സ്വാമി അക്കാലത്തു സംസ്കൃതത്തിലും മലയാളത്തിലും അതിമനോഹരങ്ങളായ പല സുബ്രഹ്മണ്യ സ്തോത്രങ്ങൾ എഴുതീട്ടുണ്ട്. അന്നു പാശ്ചാത്യ വിദ്യാഭ്യാസത്തിൻെറ പുതിയ ആവിർഭാവത്തോടുകൂടി നാട്ടിൽ ബാധിച്ചിരുന്ന നാസ്തിത വിചാരങ്ങൾക്കു സ്വാമിയുടെ ജീവിതം തന്നെ പലർക്കും ഒരു പരിഹാരമായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്.

ഈയിടയിൽ കുറെകാലം സ്വാമി ഭക്ഷ്യപേയങ്ങളെ സംബന്ധിച്ചു ജാതിഭേദമോ മതഭേദമോ വിചാരിക്കാതെ കൊടുക്കുന്നവരുടെയൊക്കെ കൈയിൽനിന്നും കിട്ടുന്നതെല്ലാം വാങ്ങി കഴിച്ചിരുന്നു. ഇങ്ങനെ ചില വിഷഭക്ഷണങ്ങൾ പോലും സ്വാമി ഭക്ഷിച്ചിട്ടു യാതൊരു ആപത്തും ഉണ്ടാകാതെ ഇരുന്നതായി കേട്ടിട്ടുണ്ട്.

## അദ്ധ്യായം അഞ്ച്

അങ്ങനെ ഇരിക്കുമ്പോഴാണ് 1063–ാമാണ്ടിടയ്ക്ക് ഒരു കാട്ടുപ്രദേശമായിരുന്ന അരുവിപ്പുറം സ്വാമി സന്ദർശിച്ചത്. ജനവാസമില്ലാത്ത ആ സ്ഥലത്തെ മനോഹരമായ നദീപ്രവാഹം പാറകളിൽ തടഞ്ഞുണ്ടാകുന്ന ഗംഭീരമായ മുഴക്കവും, കരയിലെ പാറ ഇടുക്കുകളും, മണൽത്തിട്ടുകളും, രണ്ടു വശത്തുമുള്ള ഉന്നതമായ കുന്നുകളും, വൃക്ഷലതാദികൾ നിറഞ്ഞ പച്ചനിറ

Digitized By Kerala Sahitya Akademi

മായ കാടുകളും, ഏകാന്തപ്രിയനായ സ്വാമിയെ സാമാന്യത്തിലധികം ആകർഷിച്ചു.

സ്വാമി ചില അവസരങ്ങളിൽ അവിടെയുള്ള പാറ ഇടുക്കുകളിൽ അനേകദിവസം തുടർന്നുകൊണ്ടു യാതൊരു ആഹാരവും കൂടാതെയും താൻ അവിടെയുള്ള വിവരം ആരും അറിയാതെയും കഴിച്ചു കൂട്ടീട്ടുണ്ട്. ക്രമേണ ജനങ്ങൾ സ്വാമിയുടെ അവിടെയുള്ള സഞ്ചാരത്തെയും സങ്കേത സ്ഥലങ്ങളെയും മനസ്സിലാക്കി. ചില ഭക്തന്മാർ അടുത്ത ഗ്രാമത്തിൽനിന്നു ചിലപ്പോഴെല്ലാം ഭക്ഷണങ്ങൾ കൊണ്ടുവന്നു കൊടുത്തു തുടങ്ങി. ഇതിനുശേഷം അതുവിപ്പുറം അധികകാലം ഒരു ഏകാന്ത സ്ഥലമായിരുന്നില്ല. പല ദിക്കുകളിൽ നിന്നും സ്വാമിയെ അന്വേഷിച്ച് ആളുകൾ അവിടെ എത്തിത്തുടങ്ങി. രോഗം ശമിപ്പിക്കുകയും ഭൂതങ്ങളെ ഒഴിക്കുകയും ഉപദേശം നൽകുകയും ശാസ്ത്രാർത്ഥങ്ങൾ പറഞ്ഞു കൊടുക്കുകയും മററു പ്രകാരത്തിൽ സാധുക്കളെ അനുഗ്രഹിക്കുകയും ചെയ്യേണ്ട ഭാരം ആ വിജനത്തിലും സ്വാമിയെ പിൻതുടർന്നു.

സ്വാമിയുടെ ദൂരദർശനം, പരഹൃദയജ്ഞാനം മുതലായ സിദ്ധികളുടെ പല ദൃഷ്ടാന്തങ്ങൾ അക്കാലത്തു ജനങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. നാനാജാതിക്കാരായ പല ഭക്തന്മാർ സ്വാമിയെ സന്ദർശിപ്പാൻ അവിടെ വരികയും അവരിൽ ചിലർ സ്വാമിയുടെ ശിഷ്യന്മാരായി തീരുകയും ചെയ്തു.

പല ദിക്കുകളിലുള്ള ഭക്തന്മാരായ ഗൃഹസ്ഥന്മാർ അരി മുതലായ സംഭാരങ്ങളോടുകൂടി അവിടെ വന്ന് സ്വാമിക്കും കൂടെയുള്ളവർക്കും സദ്യകൾ കഴിച്ചു മടങ്ങിപ്പോവുക പതിവായിരുന്നു. ഇങ്ങനെ സ്വാമിയുടെ സാന്നിദ്ധ്യംകൊണ്ടു തന്നെ അവിടം വേഗത്തിൽ ഒരു പുണ്യസ്ഥലമായി പരിണമിച്ചു. സ്വാമി ഇല്ലാത്ത സമയങ്ങളിൽ കൂടിയും ജനങ്ങൾ അവിടെ വന്ന് സ്നാനം ചെയ്തു തൊഴുതു പോകുവാൻ തുടങ്ങി. അതിനുശേഷം അവിടെ ഒരു ആരാധനാസ്ഥലം ഉണ്ടായിരുന്നാൽ കൊള്ളാമെന്നു സ്വാമി ചിലരോടു പറയുകയും അങ്ങനെ എന്തെങ്കിലും ചെയ്യുന്നതിൽ തനിക്കുള്ള ആഭിമുഖ്യത്തെ പതിവായി തന്നെ വന്നു കാണുന്ന ഭക്തന്മാരായ ചില ചെറുപ്പക്കാരോടു സൂചിപ്പിക്കുകയും ചെയ്തു.

1063-ാമാണ്ടത്തെ ശിവരാത്രി സമീപിച്ചാണ് സ്വാമിയുടെ ഈ അഭിലാഷം പുറത്തായത്. വിഗ്രഹങ്ങൾ ഉണ്ടാക്കുവാനോ ക്ഷേത്രങ്ങളോ കെട്ടിടങ്ങളോ പണിയിക്കാനോ ആ കാട്ടുപ്രദേശത്തു യാതൊരു സൗകര്യവും ഉണ്ടായിരുന്നില്ല. സ്വാമി അതൊന്നും ആവശ്യപ്പെട്ടുമില്ല.

Digitized By Kerala Sahitya Akademi

നദിയുടെ കിഴക്കേ തീരത്തുള്ള ഒരു പാറയെ പീഠമായി സങ്കൽപ്പിച്ച് അതിന്മേൽ ഏതാണ്ട് ഒരു ശിവലിംഗാകൃതി യിൽ ആററിൽ കിടന്ന ഒരു ശിലാഖണ്ഡം എടുത്തു ശിവരാത്രി ദിവസം പ്രതിഷ്ഠ നടത്താനാണ് സ്വാമിയുടെ ഭാവം എന്നറിയുകയും അടുത്തുള്ള ജനങ്ങൾ തങ്ങളാൽ കഴിയുന്ന ചില ചെറിയ ഒരുക്കങ്ങൾ അതിനായിചെയ്കയും ചെയ്തു. സ്വാമി ഇരിക്കുന്നതായറിഞ്ഞ് ഏതാനും വ്രതക്കാരും ഭജന ക്കാരും ശിവരാത്രിനാൾ രാത്രി 'ഉറക്കിളയ്ക്കാ'നായി അവിടെക്കൂടി.

പ്രതിഷ്ഠയുടെ സംഭാരമായി ഉണ്ടായിരുന്നത് കുറെ പുഷ്പ ങ്ങളും വിളക്കുകളും നാദസ്വരവായനയും മാത്രമായിരുന്നു. പീഠമായി സങ്കൽപ്പിച്ചിരുന്ന പാറയുടെമീതെ ഒരു ചെറിയ പന്തൽ കെട്ടിയിരുന്നു. അർദ്ധരാത്രിയോടുകൂടി സ്വാമി സ്നാനം ചെയ്തുവന്ന് അതിനകത്തു കടന്ന് പ്രതിഷ്ഠിക്കാനുള്ള ശിലയെ കൈയിൽ എടുത്തു ധ്യാനിച്ചുകൊണ്ടു രാത്രി മൂന്നു മണിവരെ ഒരേ നിലയിൽ നിന്നു. സ്വാമിയുടെ തേജോമുഖമായ മുഖത്ത് ആ സമയം അശ്രുധാരകൾ പ്രവഹിച്ചുകൊണ്ടിരുന്നു. കാണികൾ ഭക്തിപരവശന്മാരായി പഞ്ചാക്ഷരമന്ത്രം ഉച്ചത്തിൽ ജപിച്ച് ഏക മനസ്സോടെ ചുററുംനിന്നു. മൂന്നു മണിക്ക് ശിലയെസ്വാമി പീഠത്തിൽ പ്രതിഷ്ഠിച്ച് അഭിഷേകം ചെയ്തു. ആ സമയത്തു് ചില അത്ഭുതങ്ങൾ കണ്ടിട്ടുള്ളതായി പലരും പറയുന്നു. ഇങ്ങനെയാണു സ്വാമിയുടെ മതസംബന്ധമായ സ്ഥാപനങ്ങളിൽ ആദ്യത്തേതായ അരുവിപ്പുറം ക്ഷേത്രം ആരംഭിച്ചത്.

ഈ പ്രതിഷ്ഠക്കുശേഷം സ്വാമി മുൻപിലത്തേക്കാൾ അധികം അരുവിപ്പുറത്തു താമസിക്കുകപതിവായി. ക്ഷേത്രത്തിൻെറ സാന്നിദ്ധ്യം ക്രമേണ വർദ്ധിച്ചു. അവിടെ വരുന്ന കാണിക്കകൾ എടുത്തു മുതൽക്കൂട്ടിയും സംഭാവനകൾ പിരിച്ചും ജനങ്ങൾ പ്രതിഷ്ഠാസ്ഥലത്തു് ഒരു ശ്രീകോവിൽ കെട്ടിച്ചു. ചില ഭക്തന്മാരായ ശിഷ്യന്മാരെ സ്വാമി ക്ഷേത്രത്തിൽ ശാന്തിക്കാരാക്കി. പഠിപ്പുള്ള ശിഷ്യന്മാരിൽ ചിലരെക്കൊണ്ട് അവിടെ ഒരു പള്ളിക്കൂടം കെട്ടിച്ച് അടുത്തുള്ള കുട്ടികളെ മലയാളം പഠിപ്പിക്കാൻ ഏർപ്പാടുചെയ്തു. ഇക്കാലത്താണു സ്വാമി പ്രസിദ്ധമായ 'ശിവശതകം' എന്ന മണിപ്രവാള സ്തോത്രം നിർമ്മിച്ചത്.

Digitized By Kerala Sahitya Akademi

# അദ്ധ്യായം ആറ്

ഇതിനുമുൻപേ തന്നെ സ്വാമിക്ക് അദ്വൈതശാസ്ത്രത്തിൽ പ്രതിപത്തി വർദ്ധിച്ചിരുന്നു. പല വേദാന്തികളുമായി സ്വാമി സഹവാസം ചെയ്കയും ചെയ്തിരുന്നു. കന്യാകുമാരിക്കു സമീപമുള്ള ശ്രുതിപ്പെട്ട മരുത്വാമലയിൽ സ്വാമി കൂടെക്കൂടെ പോയിവന്നിരുന്നു. നാഗരുകോവിലിനു സമീപം ഒരിടത്തു് അപ്പോൾ ഒരു യോഗിനി നിർവ്വികല്പസമാധിയിൽ കിടന്നിരുന്നത് സ്വാമി പലപ്പോഴും സന്ദർശിച്ചിട്ടുണ്ട്. ആ മഹാനുഭാവ സ്വാമിയെ ഒരിക്കൽ അനുഗ്രഹിച്ചിട്ടുള്ളതായറിയുന്നു.

ഇക്കാലത്തു സ്വാമി തമിഴിൽ നല്ല അറിവുസമ്പാദിക്കയും വേദാന്തവിഷയമായി അനേകം പാട്ടുകൾ ആ ഭാഷയിൽ എഴുതുകയും ചെയ്തിട്ടുണ്ട്. 'തിരുക്കുറളും' ഒഴിവിലൊടുക്ക' മെന്ന പ്രൗഢഗ്രന്ഥവും സ്വാമി തമിഴിൽനിന്നു മലയാളത്തിൽ പദ്യരൂപേണ ഭാഷാന്തരപ്പെടുത്തീട്ടുള്ളതായും അറിയാം. സ്വാമിയെപ്പോലെ അസാമാന്യമായ 'ബുദ്ധിശക്തിയും' ശാസ്ത്രപാണ്ഡിത്യവും, അനുഷ്ഠാനവും, അനുഭവവും ഒത്തുചേർന്ന ഒരു വേദാന്തി ദുർലഭമായിരുന്നതിനാൽ അദ്ദേഹത്തെ കാണുന്നതു വിദ്വാന്മാർക്കു കൗതുകകരമായിരുന്നു. പ്രസിദ്ധ തത്വജ്ഞാനിയായ കഴിഞ്ഞുപോയ പ്രൊഫസർ സുന്ദരംപിള്ള (എം. ഏ) അവർകൾ തുടങ്ങിയ യോഗ്യന്മാരുടെ അസാമാന്യമായ ശ്ലാഘയ്ക്കും ഭക്തിബഹുമാനങ്ങൾക്കും സ്വാമി പാത്രമായിത്തീർന്നിരുന്നു.

# അദ്ധ്യായം ഏഴ്

അരുവിപ്പുറത്തെ പ്രതിഷ്ഠക്കുശേഷം സ്വാമി ചിറയിൻകീഴ്‌വക്കത്ത് വേലായുധൻ കോവിൽ എന്ന ഒരു പഴയ സുബ്രഹ്മണ്യക്ഷേത്രം പുതുക്കി പ്രതിഷ്ഠിക്കയും വക്കത്തു തന്നെ ദേവേശ്വരം എന്ന വേറൊരു ശിവക്ഷേത്രം കൂടി പ്രതിഷ്ഠിക്കയും സ്വജാതിക്കാരുടെ ഇടയിൽ തിരുവിതാംകൂറിന്റെ തെക്കേ അററം മുതൽ വടക്കേ അററംവരെ സ്വാമിയുടെ പേരു ശക്തിയോടുകൂടി പരക്കുകയും പലേ ഇടത്തുമുള്ള പ്രധാന യോഗ്യന്മാരെല്ലാം സ്വാമിക്കു പരിചിതരായോ ശിഷ്യന്മാരായോ തീരുകയും ചെയ്തു.

Digitized By Kerala Sahitya Akademi

അക്കാലത്തു വടക്കൻ പറവൂരിലും ആലുവായിലും സ്വാമി ഒന്നിലധികം പ്രാവശ്യം പോയി താമസിച്ചിരുന്നു. ഇപ്പോൾ അവിടെ അദ്വൈതാശ്രമം സ്ഥാപിച്ചിരിക്കുന്ന സ്ഥലത്ത് ഒരു ആശ്രമം സ്ഥാപിച്ചാൽകൊള്ളാമെന്ന് ആലുവാപ്പുഴയിൽ അന്നു കുളിച്ചുനില്ക്കുമ്പോൾ വിചാരിച്ചിട്ടുള്ളതായി ഒടുവിൽ സ്വാമി പ്രസ്താവിച്ചിട്ടുണ്ട്. അരുവിപ്പുറത്ത് ക്ഷേത്രത്തോടുചേർത്ത് ഒരു സന്യാസിമഠം ഉറപ്പിക്കേണമെന്നും അതുമൂലമായി ജനങ്ങളുടെ ഇടയിൽ മതസംബന്ധമായ അറിവു വർദ്ധിപ്പിച്ചു ക്ഷേത്രങ്ങളിൽ ഹിംസ മുതലായ അകൃത്യങ്ങളെ തടുക്കുകയും ദുർദേവതാരാധനകളെ നിർത്തൽ ചെയ്കയും സാത്വികമായ ആരാധനാക്രമങ്ങളെ പ്രചാരപ്പെടുത്തുകയും ചെയ്യേണമെന്നും സ്വാമി തീർച്ചയാക്കിയതായി അവിടത്തെ പ്രവൃത്തികളിൽ നിന്നും പ്രത്യക്ഷപ്പെട്ടു തുടങ്ങി.

പറവൂർ മുതൽ നെയ്യാററുംകരവരെ ഈഴവരുടെ പഴയ ദേവീക്ഷേത്രങ്ങളിൽ പലതിലുംനടന്നിരുന്ന ആട്, കോഴി മുതലായ ജന്തുക്കളെബലികൊടുക്കുന്ന അനാചാരം സ്വാമിയുടെ വാക്കാൽ അന്നുമുതൽ ജനങ്ങൾ പല സ്ഥലത്തും വിട്ടുകളഞ്ഞിരിക്കുന്നു. ഹിംസയുടേയും ദുർദേവതാരാധനയുടെയും ദോഷത്തെപ്പററി സ്വാമിപല സാരമായ ലഘുലേഖനങ്ങളുംസ്വന്തമായി എഴുതി പ്രാസംഗികന്മാരെ ഏല്പിച്ചു പരസ്യമായും മത പരിഷ്കരണ വിഷയത്തിൽ പ്രസംഗങ്ങൾ നടത്തിച്ചിരുന്നു.

അരുവിപ്പുറം ക്രമേണ ഒരു സന്യാസി മഠമായിത്തീർന്നു. പഠിപ്പും ഭക്തിയും ഉള്ള പല ചെറുപ്പക്കാരും അവിടെ വന്നു സ്വാമിയുടെ ശിഷ്യന്മാരായി താമസം തുടങ്ങി. മഠത്തെ ഒരു സ്ഥിരമായ സ്ഥാപനമാക്കേണ്ട ആവശ്യകത വർദ്ധിച്ചുവന്നു.

1068-ൽ സ്വാമി തിരുവനന്തപുരത്തിനടുത്തുള്ള കുളത്തൂർ ഈഴവരുടെ വകയും വളരെ പുരാതനവും ആയ കോലത്തുകര ഭഗവതീക്ഷേത്രം പൊളിച്ചുമാററി തൽസ്ഥാനത്തു് ഒരു ശിവക്ഷേത്രം നിർമ്മിച്ചു പ്രതിഷ്ഠകഴിച്ചു.

1069-ൽ സ്വാമി അരുവിപ്പുറം മഠത്തിലെ ധർമ്മകാര്യങ്ങൾ അന്വേഷിപ്പാനും ജനങ്ങളിൽനിന്നു പണം യാചിച്ചും മററും അതിനെ വർദ്ധിപ്പിപ്പാനുമായി ചില വ്യവസ്ഥകൾ ചെയ്തു. 1070-ൽ സ്വാമി ശിഷ്യസമേതനായി മഠത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ചില ആവശ്യങ്ങൾക്കായി പറവൂർവരെ സഞ്ചരിക്കുകയും അവിടെ നിന്നു ബാംഗ്ലൂർവരെ പോയി ഡാക്ടർ പല്പു അവർകളെ കണ്ടു. മടക്കത്തിൽ ചിദംബരം, മധുര മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു തിരുനൽവേലി വഴിയായി തിരിച്ചെത്തുകയും ചെയ്തു. ഈ അവസരത്തിൽ ശിഷ്യന്മാരിൽ ചിലരുടെ ഉയർന്നതരം പഠിത്തങ്ങൾ

Digitized By Kerala Sahitya Akademi

ക്കായി സ്വാമി ഏർപ്പാടുകൾ ചെയ്യുകയും അവരിൽ നിന്നു മഠത്തിന്റെ അഭിവൃദ്ധിയെ പ്രതീക്ഷിക്കുകയും ചെയ്തിരുന്നു.

തിരുവനന്തപുരത്തിനു തെക്കു് കോവളം എന്ന സുഖവാസസ്ഥലത്തിനു സമീപം മുട്ടയ്ക്കാട്ട് എന്ന സ്ഥലത്ത് ഒരു മനോഹരമായ കുന്നിൻമേൽ സ്വാമി ഇതിനുമുമ്പു തന്നെ ഒരു സുബ്രഹ്മണ്യക്ഷേത്രത്തിന്റെ പ്രതിഷ്ഠ നടത്തി. ആ ക്ഷേത്രവും അതിന്റെ ചിലവിലേക്കായി കുറെ ഭൂസ്വത്തുക്കളും അതിന്റെ ഉടമസ്ഥനായ കൊച്ചുകുട്ടിവൈദ്യർ അവർകൾ 1074–ൽ സ്വാമിക്കു ദാനം എഴുതിക്കൊടുത്തു.

അവിടെ പാറയിൽനിന്നു നിർമ്മല ജലം ഊറിക്കൊണ്ടിരിക്കുന്ന ഒരു ഉറവുണ്ടു്. അതിനടുത്തു നല്ല ഭംഗിയും സൗകര്യവും ഉള്ള ഒരു മഠം കൂടി വൈദ്യർ ഇപ്പോൾ കെട്ടിച്ചിരിക്കുന്നു.

1074–ാമാണ്ടു് അരുവിപ്പുറം ക്ഷേത്രത്തിന്റെയും മഠത്തിന്റെയും അഭിവൃദ്ധിയേയും ഭരണത്തേയും ഉദ്ദേശിച്ച് നെയ്യാററിൻകര, തിരുവനന്തപുരം ഈ താലൂക്കുകളിലുള്ള സ്വജനങ്ങളിൽ ഏതാനും മാന്യൻമാരെ കൂട്ടിച്ചേർത്തു് 'അരുവിപ്പുറം ക്ഷേത്രയോഗം' എന്ന പേരിൽ ഒരു സംഘം ഏർപ്പെടുത്തി. ക്ഷേത്രത്തിലെ ഉത്സവാദി കാര്യങ്ങൾ ആ സംഘം മുഖേന നടത്തിവന്നു

ഇതിനിടയ്ക്കു് മദ്ധ്യതിരുവിതാംകൂറിലും ഉത്തര തിരുവിതാംകൂറിലും ഉള്ള ചില സ്ഥലങ്ങളിൽകൂടി അതാതു സ്ഥലങ്ങളിലെ സ്വജനങ്ങളുടെ അപേക്ഷപ്രകാരം സ്വാമി ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചു കൊടുക്കുകയും അവിടെ എല്ലാം പരിഷ്കൃതമായ ആരാധനാക്രമങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. 1076 (1901) ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ടിൽ ഈഴവസമുദായത്തെപ്പററി വിവരിക്കുന്ന ദിക്കിൽ സ്വാമിയെപ്പററി 'A pious religious reformer' (ഒരു സാത്വികനായ മതപരിഷ്കാരകൻ) എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു സ്വാമിയുടെ മതസംബന്ധമായ പ്രവൃത്തികൾക്കു് അന്നു തന്നെ ഉണ്ടായിരുന്ന പ്രസിദ്ധി ഊഹിക്കാവുന്നതാണ്.

## അദ്ധ്യായം എട്ടു്

1078 ധനു 23–ാം തീയതി സ്വാമി തന്റെ മതസംബന്ധമായും സമുദായസംബന്ധമായും ഉള്ള ഉദ്ദേശങ്ങളെ നടപ്പിൽ വരുത്തുന്നതിനായി 'ശ്രീനാരായണ ധർമ്മപരിപാലനയോഗം' സ്ഥാപിക്കയും അരുവിപ്പുറം ക്ഷേത്രയോഗം

Digitized By Kerala Sahitya Akademi

അതിൽ ലയിക്കയും ചെയ്തു. ഉടനെ സ്വാമി വടക്കൻ പറവൂർ ശ്രീനാരായണമംഗലം ക്ഷേത്രത്തിലെ പ്രതിഷ്ഠാകർമ്മത്തിനു പോകയും അവിടെനിന്നു തൃപ്രയാറിനു സമീപമുള്ള പെരിഞ്ഞോട്ടുകര, വലപ്പാട്, വാടാനപ്പള്ളി മുതലായ സ്ഥലങ്ങളിൽപോയി വീണ്ടും പറവൂർ എത്തുകയും മകരം 20–ാം തീയതിയോടുകൂടി പ്രതിഷ്ഠ കഴിഞ്ഞു ശിവരാത്രിക്കുമുൻപ് അരുവിപ്പുറത്തു മടങ്ങി എത്തുകയും ചെയ്തു. ഈ യാത്രയിൽ സ്വാമി സഞ്ചരിച്ച പല സ്ഥലങ്ങളിലുമുള്ള പ്രധാന യോഗ്യന്മാരെ യോഗത്തിൽ അംഗങ്ങളായി ചേർക്കുകയും, ചില ദിക്കിൽ മതസംബന്ധമായ ചില സ്ഥാപനങ്ങൾ ആരംഭിക്കാൻ ഏർപ്പാടുചെയ്കയും ചെയ്തു.

സ്വാമി 1079–ാമാണ്ടു മുതൽ ആചാരപരിഷ്കരണവിഷയത്തിൽ ദൃഷ്ടിവെക്കയും സ്വജനങ്ങളുടെ ഇടയിൽ താലികെട്ടുമുതലായ അനാവശ്യ അടിയന്തിരങ്ങളെ നിർത്തൽ ചെയ്‌വാനും ഒരു പുതിയ വിവാഹരീതിയും ചടങ്ങുകളും ഏർപ്പെടുത്തിപ്രചാരപ്പെടുത്തുവാനും ആരംഭിച്ചു. ഈ സംഗതികൾക്കായി സ്വജനങ്ങളുടെ പല മഹാസഭകളിലും സ്വാമിതന്നെ സന്നിഹിതനായിരുന്നു. ജനങ്ങളെ ഗുണദോഷിക്കയും ഈ അഭിപ്രായത്തെ എസ്. എൻ. ഡി. പി. യോഗം (ശ്രീനാരായണ ധർമ്മപരിപാലനയോഗം)മൂലമായും മററുപ്രകാരത്തിലും പ്രചരിപ്പിക്കയും ചെയ്തു അതിൻെറ ഫലമായി ഈഴവരുടെയിടയിൽ മിക്ക സ്ഥലങ്ങളിലും കെട്ടുകല്യാണം വേഗത്തിൽ നിന്നുപോകയും ഒരു പുതിയ വിവാഹരീതി നടപ്പാകയും ചെയ്തു.

മദിരാശി ഹൈക്കോർട്ടു ജഡ്ജി സദാശിവയ്യരവർകൾ തിരുവിതാംകൂറിൽ ചീഫ് ജസ്ററീസ് ആയിരിക്കുമ്പോൾ ഒരു വിധി കല്പിച്ചതിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

'I hope I might be pardoned for expressing in conclusion my very great satisfaction that through the efforts of the venerable Asan of the Ezhava Community and his Ezhava Samajam, most desirable reforms (or rather the relinquishments of the medieval pernictious customs and conventions which have outlived their orginal usefulness and which are unsuited to the needs of a progressive community) are taking place among the Ezhavas without the necessity at present to the resort to the legislature. I allude expecially to the fast dying customs of polygamy and polyandry (though restricted to the ucase of a women being the common wife of brothers) the ow unmeaning Thalikettu or Minnukettu ceremoney. the

Digitized By Kerala Sahitya Akademi

conniving by the Society at the loss of virginity by an unmarried girl remaining in her mother's house and so on. C. A. No. 46&47 of 1083.

ഈഴവസമുദായത്തിലെ വന്ദ്യനായ ആശാന്റെയും അദ്ദേഹത്തിന്റെ കീഴിലുള്ള ഈഴവ സമാജത്തിന്റെയും ഉദ്യമത്താൽ ഏററവും സ്പൃഹണീയമായ പരിഷ്കാരങ്ങൾ (അതായത് ആദ്യകാലത്തെ ഉപയോഗം നശിച്ചു വർദ്ധമാനമായ സമുദായത്തിന്റെ സ്ഥിതിക്ക് അനുചിതവും ദോഷകരവുമായ വിധത്തിൽ ശേഷിച്ചിരിക്കുന്ന ഇടക്കാലത്തെ ആചാരങ്ങളെയും നടപടികളെയും നിർത്തൽചെയ്യുന്ന ഏർപ്പാട്) നിയമബന്ധം കൂടാതെതന്നെ ഇപ്പോൾ ഈഴവരുടെ ഇടയിൽ നടന്നുവരുന്നതിനെപ്പററി എനിക്കുള്ള സന്തോഷത്തെ പ്രസ്താവിക്കുന്നതു കൃഷന്തവ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു. ശീഘ്രത്തിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ബഹുഭാര്യാത്വത്തേയും ബഹുഭർതൃത്വത്തേയും (ബഹുഭർതൃത്വത്തിൽ അനേകസഹോദരന്മാർക്കുകൂടി ഒരു ഭാര്യ എന്നുള്ള ഒരു ക്ലിപ്തമുണ്ടെന്നിരുന്നാലും) ഇപ്പോൾ അർത്ഥശൂന്യമായിത്തീർന്നിരിക്കുന്ന താലികെട്ട് അല്ലെങ്കിൽ മിന്നുകെട്ട് കല്യാണത്തേയും മററുമാണു ഞാൻ പ്രത്യേകം ഇവിടെ സൂചിപ്പിക്കുന്നതു്. ഈ മിന്നുകെട്ടുകൊണ്ടു വിവാഹം കഴിയാതെ അമ്മയുടെ വീട്ടിൽ താമസിക്കുന്ന പെൺകുട്ടിയുടെ ബ്രഹ്മചര്യ ഭംഗത്തിൽ സമുദായം കടാക്ഷിക്കയാണ്. (തി. ല. റി. 24-ാം വാല്യം 157 മുതൽ 168 വരെ പേജുകൾ നോക്കുക. (1083-ൽ കൃ.അ. നമ്പർ 46-ം 47-ം)

ഇതിൽനിന്നു സ്വാമിയുടെ ആചാര പരിഷ്കരണ സംബന്ധമായ ഏർപ്പാടുകൾക്കു സിദ്ധിച്ചിട്ടുള്ള വിദ്വൽ സമ്മതിയും അഭിനന്ദനവും വെളിവാകുന്നതാണ്.

ഈ കാലത്തും സ്വാമി സാഹിത്യസംബന്ധമായ ശ്രമങ്ങളിൽ നിന്നു വിരമിച്ചിരുന്നില്ല. സ്വാമിയുടെ പക്വമായ ജ്ഞാനാനന്ദഭൂതികളെ സംഗ്രഹിച്ചെഴുതീട്ടുള്ള 'ആത്മോപദേശശതകം' എന്ന മണിപ്രവാളപദ്യഗ്രന്ഥം പുറത്തുവന്നത് ഈ അവസരത്തിലാണ്.

'അയലുതഴപ്പതിനായതിപ്രയത്നം
നയമറിയും നരനാചരിച്ചിടേണം'

'അവനവനാത്മസുഖത്തിനാചരിക്കു-
ന്നവ, യപരന്റെ സുഖത്തിനായ്‌വരേണം'

Digitized By Kerala Sahitya Akademi

'പലമതസാരവുമേകമെന്നു പാരാ—
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തിപറഞ്ഞു പാമരൻമാ—
രലവതു കണ്ടലയാതിരുന്നിടേണം.'

എന്നിങ്ങനെയുള്ള തത്വരത്നങ്ങൾ ആ മണിപ്രവാളമാലയിൽ ധാരാളമാണ്.

## അദ്ധ്യായം ഒൻപതു്

ഈ കാലത്തു സ്വാമി കൂടെക്കൂടെ കുററാലം, പാപനാശം മുതലായ തീർത്ഥസ്ഥലങ്ങളിൽ പോയി വിശ്രമിച്ചിരുന്നു. 1079–മാണ്ടു സ്വാമി വർക്കല ഇപ്പോൾ ശിവഗിരിമഠം സ്ഥാപിച്ചിരിക്കുന്ന കുന്നിനു സമീപം ഒരു ദിക്കിൽ പതിവായി ചെന്നിരിക്കുകയും ഒരു കടിലുകെട്ടി അതിൽ കുറേ നാൾ താമസിക്കുകയും ചെയ്തിരുന്നു. അതിനു ചുററും വഴതിന, പയർ, കത്തിരി, വെണ്ട മുതലായ സസ്യങ്ങൾ കൃഷി ചെയ്യിക്കയും ചെയ്തുകൊണ്ടിരുന്നു. ആ കൃഷിസ്ഥലത്തിൻെറ തെക്കുവശത്തായി ഒരു കുന്നുണ്ടായിരുന്നതു് ആരുടെയും പേരിൽ പതിഞ്ഞിട്ടില്ലെന്നു മനസ്സിലാവുകയാൽ തൻെറ ഇരിപ്പു സ്വാമി ക്രമേണ ആ സ്ഥലത്തേക്കു മാററി. കുന്നിൻെറ മുകളിൽ ഒരു പർണ്ണശാലകെട്ടി മിക്കവാറും സ്ഥിരമായി തന്നെ താമസിച്ചു എന്നു പറയാം.

മുൻപ് അരുവിപ്പുറത്ത് എന്നപോലെ പല സ്ഥലത്തു നിന്നും ജനങ്ങൾ അവിടെ വന്നുകൂടാൻ തുടങ്ങി. കുന്നിൻെറ മുകളിൽ സ്വാമിയുടെ പർണ്ണശാല ഇരുന്ന സ്ഥലത്താണ് ഇപ്പോൾ ശിവപ്രതിഷ്ഠ ചെയ്തിരുന്നതു്. ഇവിടെയും സ്വാമി ക്രമേണ മഠങ്ങളും ക്ഷേത്രങ്ങളും കെട്ടാൻ ആരംഭിച്ചു. കുന്നു തൻെറ പേരിൽ പതിപ്പിക്കുകയും ദാനമായും മററും കിട്ടിയ സ്ഥലത്തിന് ശിവഗിരി എന്നു പേർ കൊടുക്കുകയും ചെയ്തു. ഈ കൊല്ലം ആദ്യമാണ് സിവിൽ കോടതികളിൽ ഹാജരാകേണ്ട നിർബ്ബന്ധത്തിൽനിന്നു സ്വാമിയെ എസ്.എൻ. ഡി. പി. യോഗത്തിൻെറ അദ്ധ്യക്ഷൻെറയും സമുദായഗുരുവിൻെറയും നിലയിൽ തിരുവിതാംകൂർ ഗവൺമെൻറിൽനിന്നു ഒഴിവാക്കിയതു്.

1080 ധനുമാസത്തിൽ എസ്. എൻ. ഡി. പി. യോഗ

Digitized By Kerala Sahitya Akademi

ത്തിന്റെ രണ്ടാമത്തെ വാർഷികയോഗം ഒരു വ്യവസായ പ്രദർശനത്തോടുകൂടി കൊല്ലത്തുവച്ചു നടന്നു. യോഗത്തിന്റെ സ്ഥിരം പ്രസിഡണ്ടിന്റെ നിലയിൽ അലങ്കരിക്കപ്പെട്ട ഒരു ക്യാബിൻബോട്ടിൽ സ്വാമിയെ ശിവഗിരിയിൽ നിന്നു കൊല്ലത്തേക്കു കൊണ്ടുപോകുവാൻ ജനങ്ങൾ ഉത്സാഹപൂർവ്വമായ ഒരുക്കം കൂട്ടി. പ്രകൃത്യാ ആഡംബരവിമുഖനായ സ്വാമി ആ ബോട്ടിൽ കയറി പോകാതെ തല്ക്കാലം ജനങ്ങൾക്കു വലിയ ആശാഭംഗത്തെയാണ് ഉണ്ടാക്കിയതെങ്കിലും ആ മഹായോഗം കൂടിയിരുന്ന സന്ദർഭത്തിൽ തന്റെ അപ്രതീക്ഷിതമായ സാന്നിദ്ധ്യത്താൽ സഭയെ അലങ്കരിക്കുകയും ജനങ്ങളെ സവിശേഷം സന്തോഷിപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം പത്ത്

സ്വാമിയുടെ പേർ മുൻപുതന്നെ മലബാറിൽ ശ്രുതിപ്പെട്ടിരുന്നു. അതുകൊണ്ടും ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ സമുദായസംബന്ധമായ പ്രവൃത്തികൾ നിമിത്തവും അവിടത്തെ സ്വജനങ്ങൾക്കു സ്വാമിയെ സംബന്ധിച്ച സംഗതികളിൽ പൂർവ്വാധികമായ ശ്രദ്ധയും ബഹുമാനവും ഉണ്ടായി. 1081–മാണ്ടു തലശ്ശേരിയിൽ സ്വജനങ്ങളുടെ ആരാധനയ്ക്കായി സ്വാമിയെക്കൊണ്ടു് ഒരു ക്ഷേത്രം പ്രതിഷ്ഠിപ്പിക്കണമെന്നു ചിലരുടെ ഇടയിൽ ഒരു ആലോചന ഉണ്ടായി.

ആ ആണ്ടു കുംഭമാസത്തിൽ അരുവിപ്പുറത്തെ ശിവരാത്രി കഴിഞ്ഞു സ്വാമി തിരുവിതാംകൂറിൽ കോട്ടയം മുതലായ സ്ഥലങ്ങളിൽ സഞ്ചരിക്കയും അവിടെ കുമരകം ഈഴവ സമാജം വക ഒരു ക്ഷേത്രത്തിന്റെ പ്രാരംഭകൃത്യം നടത്തുകയും ആ പ്രദേശങ്ങളിൽ ഈഴവരുടെ വകയായി ഉണ്ടായിരുന്ന അനേകം പുരാതന ദുർഗ്ഗാക്ഷേത്രങ്ങളിലെ ജന്തു ഹിംസ നിർത്തൽ ചെയ്കയും ചെയ്തു. സ്വാമി ആ സ്ഥലത്തു് ഈ യാത്ര ചെയ്തതു് ആദ്യമായിട്ടായിരുന്നു. ഈ യാത്രയിൽ അവിടെ രോഗപീഡിതരായും മററും അനേകം ആളുകൾ വന്നുകൂടിയിരുന്നു. അപ്പോൾ ചില അത്ഭുത സംഭവങ്ങൾ നടന്നതായി അറിയുന്നു.

കോട്ടയത്തു നിന്നു് സ്വാമി പെരിഞ്ഞോട്ടുകരയ്ക്കു പോയി. അവിടെ അതിനു മുൻപു തന്നെ ഒരു ക്ഷേത്രവും മാവും ആരംഭിക്കയും അവയുടെ ഉപയോഗത്തിനായി ഏതാനും സ്വത്തുകൾ സ്വാമിയുടെ പേർക്കു ദാനമായി എഴുതി വാങ്ങുകയും ചെയ്തി

Digitized By Kerala Sahitya Akademi

രുന്നു. അവിടെ താമസിക്കുമ്പോൾ തലശ്ശേരിയിൽ നിന്നും സ്വജനങ്ങളിൽ ചില മാന്യന്മാർ വന്നു സ്വാമിയെ ക്ഷണിച്ച് അങ്ങോട്ടു കൂട്ടിക്കൊണ്ടുപോയി.

അവിടത്തെ തീയരിൽ ചിലർ ബ്രഹ്മസമാജത്തിൽ ചേർന്നിരുന്നതുകൊണ്ട് ദീർഘകാലമായി അവരുടെ ഇടയിൽ ഉണ്ടായിരുന്ന കക്ഷിവഴക്കുകൾ സ്വാമി പറഞ്ഞു തീർത്ത് അവരിൽ ഐക്യമത്യം വർദ്ധിപ്പിച്ചു. ഈ ആദ്യത്തെ യാത്രയിൽ തന്നെ സ്വാമി വടക്കേ മലബാറിലുള്ള സ്വജനങ്ങളുടെ മുഴുവൻ ഭക്തിക്കും ബഹുമാനത്തിനും സ്നേഹത്തിനും പാത്രമായിത്തീരുകയും തലശ്ശേരി ജഗന്നാഥക്ഷേത്രത്തിനു സ്ഥലം നിശ്ചയിച്ചു കുററി തറയ്ക്കുകയും ചെയ്തു. മടക്കത്തിൽ കോഴിക്കോട്ട് ഒന്നുരണ്ടു ദിവസം താമസിക്കയും പെരിങ്ങോട്ടുകര, പറവൂർ ഈ സ്ഥലങ്ങളിൽ കൂടി യാത്ര ചെയ്തു മീനമാസമദ്ധ്യത്തോടുകൂടി ശിവഗിരിയിൽ വന്നു ചേരുകയും ചെയ്തു. ഈ യാത്രയിൽ പറവൂർ മുതലായ സ്ഥലങ്ങളിൽ പഴയ താലികെട്ടു നിർത്തൽ ചെയ്‌വാനും പുതിയ വിവാഹ രീതി പ്രചാരപ്പെടുത്താനും സ്വാമി ഏർപ്പാടു ചെയ്തു.

## അദ്ധ്യായം പതിനൊന്ന്

പിന്നെ രണ്ടു കൊല്ലത്തേക്കു (83–ാമാണ്ടു വരെ) സ്വാമി മിക്കവാറും ശിവഗിരിയിൽ തന്നെ വിശ്രമിക്കയായിരുന്നു. ഈ കാലത്താണ് സ്വാമി അവിടത്തെ പഴയ മഠത്തിൻെറ പണി പൂർത്തിയാക്കുകയും ഒരു സംസ്കൃത പാഠശാല ഏർപ്പെടുത്തുകയും മററും ചെയ്തത്. ചീഫ് ജസ്റ്റീസ് സദാശിവയ്യർ മുതലായ പല മഹത്തുക്കളും ഈ അവസരത്തിൽ സ്വാമിയെ ചെന്നു സന്ദർശിച്ച് തൃപ്തിപ്പെട്ടിട്ടുണ്ട്. സ്വജനങ്ങളിൽ വടക്കും തെക്കുമുള്ള പല പ്രധാന യോഗ്യന്മാരും ഈ അവസരത്തിൽ കൂടെക്കൂടെ അവിടെ വന്നു സ്വാമിയെ സന്ദർശിച്ചുകൊണ്ടിരുന്നു. ക്രമേണ ശിവഗിരി മഠത്തിൽ ഒരു പൊതു ക്ഷേത്രവും ഒരു ഉയർന്ന തരം സംസ്കൃത വിദ്യാമന്ദിരവും സ്ഥാപിക്കണമെന്നും ഉള്ള അഭിപ്രായത്തെ സ്വാമി വെളിപ്പെടുത്തി. 1083 ചിങ്ങം 13–ാം തീയതി സ്വാമി പരസ്യമായി ഇതിലേക്കു സ്വജനങ്ങളിൽ നിന്നും ധനസഹായം അപേക്ഷിച്ച് ഒരു ചെറിയ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി.

ഈ സമയത്തു് തലശ്ശേരിയിൽ സ്വജനങ്ങളുടെ വക ക്ഷേത്രത്തിൻെറ പണികൾ പൂർത്തിയായിക്കൊണ്ടിരുന്നു. കോഴി

Digitized By Kerala Sahitya Akademi

ക്കോട്ടും ഒരു ക്ഷേത്രം സ്ഥാപിക്കുന്നതിനുള്ള ആലോചനകൾ എല്ലാം കഴിച്ച് അതിൻെറ പ്രാരംഭക്രിയകൾക്ക് ഒരുക്കം കൂട്ടിക്കൊണ്ടിരുന്നു. അതു സംബന്ധിച്ച സ്വാമിയെ അവിടത്തേക്കു ക്ഷണിപ്പാൻ മ. രാ. രാ കല്ലിങ്കൽ രാരിച്ചൻ മൂപ്പൻ മുതലായ മാന്യന്മാർ ശിവഗിരിയിൽ വന്നിരുന്നു. അവരെ എല്ലാം മുൻകൂട്ടി മടക്കി അയച്ചിട്ട് സ്വാമി 1088 തുലാം 24-ാം തീയതി രാത്രി ഏതാനും അനുയായികളുമായി യാത്ര പുറപ്പെട്ടു. കൂടെയുള്ളവർ നിർബന്ധിക്കയാലാണ് താൻ പുറപ്പെടുന്നതെന്നും ഉള്ളിൽ അശേഷം ഉത്സാഹം തോന്നുന്നില്ലെന്നും മററും പറഞ്ഞു് യാത്രാരംഭത്തിൽ സ്വാമി വളരെ മടിച്ചു.

27-ാം തീയതി വൈകുന്നേരം ആലുവായിൽ എത്തി. പിന്നേദിവസത്തെ മെയിൽ വണ്ടിയിൽ കോഴിക്കോട്ടേക്കു പോവാൻ വിചാരിച്ചുകൊണ്ട് പരിജനസഹിതം രാത്രി തീവണ്ടി സ്റേറഷനുസമീപം ഒരു കെട്ടിടത്തിൽ താമസിച്ചു. ആ കെട്ടിടം ഇപ്പോൾ ആലുവാ അദ്വൈതാശ്രമം വക ഒരു മഠമാക്കിയിരിക്കയാണ്. രാത്രി പന്ത്രണ്ടു മണിക്കു് സ്വാമിക്കു് അവിടെവച്ച് അതിസാരത്തിൻെറ ലക്ഷണം ആരംഭിച്ചു. ഒരു മണിക്കൂർ കഴിഞ്ഞ് ഛർദ്ദി കൂടി തുടങ്ങുകയും, ഭയങ്കരമായ വിഷൂചികയാണെന്നു വെളിപ്പെടുകയും ചെയ്തു. ആരംഭം മുതൽതന്നെ സ്ഥലത്തെ അപ്പോത്തിക്കിരിയെക്കൊണ്ട് ഇംഗ്ലീഷ് ചികിത്സ വളരെ ജാഗ്രതയോടെ ചെയ്യിക്കയും സകലവിധമായ ശുശ്രൂഷകളും യാതൊരു ന്യൂനതയും കൂടാതെ കൂടെയുള്ളവർ നടത്തുകയും ചെയ്തിരുന്നു.

എന്നാൽ ദീനം ഭയങ്കരമാം വിധം വർദ്ധിച്ചു കൊണ്ടുതന്നെ ഇരുന്നു. പിറേറദിവസം പകൽ പന്ത്രണ്ടുമണിയോടുകൂടി പ്രജ്ഞ അശേഷം കെടുകയും നാഡി നിന്നു പോകയും ശരീരം തണുത്തു മരവിച്ചുപോകയും ചെയ്തു. ഇതിനിടയിൽ കൂടെ ഉണ്ടായിരുന്ന ശിഷ്യന്മാരിൽ 'കൊച്ചുമായി ററി' ആശാൻ എന്ന ഒരാൾ കൂടി ദീനം ആരംഭിച്ച് അദ്ദേഹം മരിച്ചു കഴിഞ്ഞിരുന്നു. ഡാക്ടറുടെ അഭിപ്രായം അദ്ദേഹത്തിൻെറ സുഖക്കേടു ശമിക്കുമെന്നും സ്വാമിയുടേതു് അസാദ്ധ്യം എന്നും ആയിരുന്നു. ഈ സമയത്തു് കോഴിക്കോട്ട് തീവണ്ടിയാഫീസിലും സമീപപ്രദേശങ്ങളിലും മെയിൽ വണ്ടിയിൽ സ്വാമി വന്നിറങ്ങുന്നതുകാണ്മാനും എതിരേല്ക്കാനുമായി കൂടിയിരുന്ന പുരുഷാരത്തിനു കണക്കില്ലായിരുന്നു. ആലുവായിൽ സ്വാമിയുടെ സകല ശുശ്രൂഷകളും അവസാനിപ്പിച്ച് കണ്ണീർ വാർത്തുകൊണ്ട് വിഷണ്ണന്മാരായി നില്ക്കുന്ന ശിഷ്യന്മാരുടേയും പരിജനങ്ങളുടേയും ഈ സമയത്തെ ഹൃദയസ്ഥിതി പറഞ്ഞറിയിപ്പാൻ കഴിയാത്തതായിരുന്നു.

Digitized By Kerala Sahitya Akademi

# അദ്ധ്യായം പന്ത്രണ്ട്

ഏതാനും ദിവസങ്ങൾ കൊണ്ടു സ്വാമി ആ മഹാരോഗത്തിൽനിന്നും, അതിനെ തുടർന്നുണ്ടായ ഉപദ്രവങ്ങളിൽനിന്നു മെല്ലാം അത്ഭുതകരമാംവണ്ണം രക്ഷപ്പെട്ടു. മുമ്പൊരിക്കൽയോഗം ശീലിച്ചുകൊണ്ടിരുന്ന കാലത്തു നെയ്യാററിൻ കരയ്ക്കടുത്ത അരിമാന്നൂർ എന്ന ഗ്രാമത്തിൽവെച്ച് സ്വാമിക്ക് ഇതുപോലെ വിഷൂചിക ബാധിച്ചു. അന്നു സകല ചികിത്സകളും നിറുത്തി സ്വാമി സ്വസ്ഥമായിരുന്നപ്പോൾ രോഗം പെട്ടെന്നു മാറി സുഖം വന്നതായി കേട്ടിട്ടുണ്ട്.

പ്രസിദ്ധ ഡാക്ടറായ റാവുസാഹിബ് കെ. കൃഷ്ണൻ അവർകൾ സ്വാമിയെ ആലുവായിൽനിന്ന് ചികിത്സയ്ക്കായി പാലക്കാട്ടുകൊണ്ടുപോയി താമസിപ്പിച്ചിരുന്ന അവസരത്തിൽ അവിടത്തെ സ്വജനങ്ങളുടെ വകയായി സ്ഥലത്ത് ഒരു ക്ഷേത്രവും സഭയും ഏർപ്പെടുത്തുന്നതിനെപ്പററി ചില ആലോചനകളെല്ലാം നടന്നു ധനു 8–ാം തീയതി സ്വാമി അവിടെ ഒരു ക്ഷേത്രത്തിനായി ആഘോഷപൂർവ്വം കുററി തറക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത ദിവസം സ്വാമി കോഴിക്കോട്ടെത്തി. സ്വാമിയെ സ്വീകരിപ്പാൻ കോഴിക്കോട്ടെ സ്വജനങ്ങൾ ചെയ്തിരുന്ന ഏർപ്പാടുകൾ സ്തുത്യർഹങ്ങളായിരുന്നു. 12–ാം തീയതി കാലത്തും അതികേമമായ ആഘോഷത്തോടുകൂടി സ്വാമി കോഴിക്കോട്ടു ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിനു കുററി തറച്ചു. 15–ാം തീയതി രാവിലെ ആനി ഹാളിൽ (Annie Hall) വച്ച് സ്ഥലം തിയോസഫി സഭയിലെ അംഗങ്ങളും വിദ്വാന്മാരുമായി ഏതാനും ബ്രാഹ്മണരും നായന്മാരും ചേർന്ന് സ്വാമിക്ക് ഒരു മംഗളപത്രം സമർപ്പിച്ചു. അവർക്ക് സ്വാമിയെപ്പററി തോന്നിയ ഭക്തിബഹുമാനങ്ങൾ ടി മംഗളപത്രത്തിൽ നിന്ന് താഴെ പകർത്തുന്ന വാക്യങ്ങളിൽനിന്ന് വെളിവാകുന്നതാണ്.

എവം സദ്ധർമ്മകർമ്മാചരണ വിഷയിണീം
ബുദ്ധി മസ്മകമത്രാ
ധാത്തും കാരുണ്യപൂർവ്വം നിജനിലയ–
മപാഹായ ചാഭ്യാഗമദ്യത്
ശ്രീമന്നാരായണാഖ്യഃ ശിവഗിരിനിലയാ–
ധീശ്വരോ ദേശികോയം
തസ്മാത് സന്തുഷ്ടചിത്താ വയമപി
തനുമഃസ്വാഗതംഃവന്ദനം ച.

Digitized By Kerala Sahitya Akademi

We····recognising in you a born leader of men, a genuine descendant of the ancient saints of our motherland, a true Bramhana soul sent out by the guardians of humanity for the uplifting and redemption of a community whose spiritual interest those whocall themselves highcaste have grown so sadly oblivious.

(സ്വാമി മനുഷ്യവർഗ്ഗത്തിന്റെ–ബ്രാഹ്മണനാത്മാവാകുന്നു.)

ഈ യാത്രയിൽ സ്വാമി തലശ്ശേരിവരെ പോകയും അവിടെ ക്ഷേത്രസംബന്ധമായും 'ജ്ഞാനോദയയോഗം' സംബന്ധിച്ചും തൽപ്രവർത്തകന്മാരുടെയും പൊതുജനങ്ങളുടേയും ഇടയിൽ നടന്നിരുന്ന ചില തർക്കങ്ങളേയും കുഴപ്പങ്ങളേയും പറഞ്ഞുതീർക്കുകയും ചെയ്തു.

സ്വാമി സ്വല്പദിവസംകൂടി വടക്കേമലയാളത്തുള്ള പല ചെറിയപട്ടണങ്ങളും നഗരങ്ങളും സന്ദർശിച്ചുകൊണ്ടു താമസിച്ചു. മകരമാസത്തിൽ സ്വാമി കണ്ണൂർ സ്വജനങ്ങളുടെ വകയായ ഒരു ക്ഷേത്രത്തിനു കുററി തറയ്ക്കയും അവിടെനിന്നു മംഗലാപുരത്തു വില്ലവർ എന്ന തുളുതീയരുടെ വകയായി ഒരു ക്ഷേത്രം സ്ഥാപിക്കുന്നതിന്റെ പ്രാരംഭപ്രവൃത്തികൾക്കായി അവിടംവരെ പോവുകയും ചെയ്തു.

1083 കുംഭം 1-ാം തീയതി തലശ്ശേരി ജഗന്നാഥക്ഷേത്രത്തിലെ പ്രതിഷ്ഠാകർമ്മം നടത്തുകയും ക്ഷേത്രത്തിലെ തന്ത്രാവകാശം ശാശ്വതമായി ശിവഗിരിമഠത്തിൽ ഇരിക്കത്തക്കവണ്ണം ജ്ഞാനോദയയോഗക്കാരിൽനിന്നു ഉടമ്പടി എഴുതിവാങ്ങി ഏർപ്പാടുചെയ്യുകയും ചെയ്തു. മടക്കത്തിൽ സ്വാമി കൊച്ചിയിൽ, കുമ്പളങ്ങി എന്ന സ്ഥലത്ത് ഒരു പഴയ ദുർഗാക്ഷേത്രം പുതുക്കി പ്രതിഷ്ഠിക്കയും അവിടെ നടന്നുവന്ന പൂരം തുള്ളൽ, കുരുതി മുതലായ നിഷിദ്ധാചാരങ്ങളെ നിർത്തൽ ചെയ്കയും ചെയ്തു. ആ ആണ്ടു മേടം, ഇടവം ഈ മാസങ്ങളിൽ ശിവഗിരിയിലെ ധർമ്മകാര്യങ്ങൾ സംബന്ധിച്ചു സ്വാമി കൊല്ലം മുതലായ താലൂക്കുകളിൽ സഞ്ചരിച്ചു.

## അദ്ധ്യായം പതിമൂന്ന്

1084 ചിങ്ങം 26-ാം തീയതി (ചതയം) സ്വാമിയുടെ 53–ാമത്തെ ജന്മനക്ഷത്രാഘോഷമായിരുന്നു. അന്നു ശിവഗിരിയിൽ സ്വജനങ്ങളുടെ ഒരു യോഗം കൂടുകയും സ്വാമി 'ശാരദാമാ'

Digitized By Kerala Sahitya Akademi

ത്തിന് അടിസ്ഥാനക്കല്ലുവയ്ക്കുകയും ചെയ്തു. 'ജനനീനവരത്ന മഞ്ജരി' എന്ന മധുരഗംഭീരമായ ചെറിയ സ്തോത്രകൃതി സ്വാമി ഇക്കാലത്തു ശിവഗിരിയിൽ വച്ചു നിർമ്മിച്ചതാണ്.

ശിവഗിരി മഠത്തിൽ അപ്പോൾ മഠം വക പണികൾക്കു പുറമേ മതസംബന്ധമായ ശാസ്ത്രപാഠനങ്ങൾ, പാരായണം മുതലായവയും നിയമേന നടന്നുകൊണ്ടിരുന്നു. പാണ്ഡിത്യമുള്ള പല ശിഷ്യൻമാരും ഗീത, ഉപനിഷത്തുക്കൾ, വസിഷ്ഠം, സൂതസംഹിത മുതലായ പ്രൗഢഗ്രന്ഥങ്ങളുടെ അർത്ഥങ്ങൾ സ്വാമി മുഖേന കേട്ടു ഗ്രഹിക്കുകയും അവയെ ചർച്ച ചെയ്കയും ചെയ്തുകൊണ്ടിരുന്നു. ക്ഷേത്രസംബന്ധമായ തന്ത്രങ്ങൾ സമുദായികമായ സംസ്കാരകർമ്മങ്ങൾ മുതലായവ അഭ്യസിപ്പിക്കുന്നതിനു മഠത്തിൽ ഏർപ്പാടുകൾ ചെയ്തിരുന്നു. സ്വജനങ്ങളുടെ വിവാഹം, അപരകർമ്മങ്ങൾ, ശ്രാദ്ധം, ക്ഷേത്ര പിണ്ഡം മുതലായവ മഠത്തിൽനിന്നും വൈദികൻമാരെ അയച്ചു ശാസ്ത്രരീത്യാ ചെയ്തുകൊടുത്തിരുന്നു. ഇടവമാസത്തിൽ എറണാകുളത്തുവച്ചു കൂടിയ എസ്. എൻ. ഡി. പി. യോഗത്തിന്റെ 6-ാമത്തു വാർഷിക പൊതുയോഗത്തിൽ മതസംബന്ധമായും ആചാരപരിഷ്കരണസംബന്ധമായുമുള്ള പ്രവൃത്തികളിൽ യോഗം ദൃഷ്ടിവയ്ക്കേണ്ട സാരമായ ചില സംഗതികളെപ്പററി സ്വാമി എഴുതി അറിയിക്കയും ആ വിഷയങ്ങളിൽ പൊതുജനങ്ങളെ അതുമൂലം ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. ഇതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് വടക്കേമലയാളത്തെ സ്വജനങ്ങളിൽ അനേകായിരം ആളുകൾ ആണ്ടുതോറും കൊട്ടിയൂർ എന്നുകൂടി പറയാറുള്ള തൃച്ചംബരത്തു ക്ഷേത്രത്തിൽ ഇളനീരഭിഷേകത്തിനുപോയി അനവധി പണം വൃഥാ ചെലവു ചെയ്കയും കാണിക്ക ഇടുകയും ചെയ്യുന്ന പതിവുനിറുത്തി അവരുടെ ഭക്തിവിശ്വാസങ്ങളെ തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിലേക്കു തിരിച്ചുവിടത്തക്കവണ്ണം വേണ്ടതാലോചിക്കുകയും തന്റെ ആ ആഗ്രഹം ജനങ്ങൾ അറിവാനായി പത്രദ്വാരാ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതിന്റെ ഫലമായി ഇടവം 29-ാം തീയതി ജഗന്നാഥക്ഷേത്രത്തിൽ അതികേമമായ വിധത്തിൽ അഭിഷേകോത്സവം നടന്നു. ഒരു വലിയ സംഖ്യ നടവരവും ഉണ്ടായി. അക്കുറി കൊട്ടിയൂർ പതിവുപോലെ പോയ തീയരിൽ പലരും ഭാഗ്യദോഷത്താൽ പുഴയിലെ വെള്ളപ്പൊക്കത്തിൽപ്പെട്ടു മരിച്ചുപോയ വസ്തുത ശേഷമുള്ളവർക്കു സ്വാമിയുടെ വാക്കിൽ വിശ്വാസത്തെ വർദ്ധിപ്പിച്ചു എന്ന സംഗതിയും പ്രസ്താവയോഗ്യമാണ്. സന്യാസികളായ ശിഷ്യൻമാരിൽ യോഗ്യതയുള്ള ചിലരെ സ്വാമി ഈ അവസരത്തിൽ മതം, സദാചാരം മുതലായ വിഷയങ്ങളിൽ പ്രസംഗങ്ങൾ ചെയ്തു ജന

Digitized By Kerala Sahitya Akademi

ങ്ങൾക്ക് അറിവും സന്മാർഗ്ഗനിഷ്ഠയും വർദ്ധിപ്പിക്കാൻ ചില പ്രത്യേക നിർദ്ദേശങ്ങളോടുകൂടി കേരളത്തിന്റെ പല ഭാഗങ്ങളിലും അയച്ചിരുന്നു. ഈ കൊല്ലത്തിൽ ശിവഗിരിമഠത്തിനു സമീപമായി സ്വാമി മഠത്തിലേക്കു കുറെ ഭൂസ്വത്തുക്കൾ വിലയായും ഒററിയായും വാങ്ങുകയും ചെയ്തു.

1085 ധനു 16-ാം തീയതി ശിവഗിരിവിട്ടു സ്വാമി വീണ്ടും മംഗലാപുരത്തേക്കു തിരുനൽവേലിവഴിയായി യാത്ര പുറപ്പെട്ട മദ്ധ്യേ മധുരയിലും മററും ഏതാനും ദിവസം താമസിക്കുകയും ചെയ്തു. അതിനുശേഷം കോഴിക്കോട്, തലശ്ശേരി, കണ്ണൂർ മുതലായ സ്ഥലങ്ങളിൽ അല്പാല്പം വിശ്രമിച്ചുകൊണ്ടു മംഗലാപുരത്തെത്തി.

മകരം 3-ാംനു- അവിടത്തെ (ഇപ്പോൾ തൃപ്പതീശ്വരം എന്നു പറയുന്ന) ക്ഷേത്രത്തിനു ആഘോഷപൂർവ്വം കുററി തറക്കുകയും, മടങ്ങി കുംഭം 2-ാം തീയതിയോടുകൂടി ശിവഗിരിയിൽ എത്തുകയും ചെയ്തു. മേടത്തിൽ വീണ്ടും സ്വാമി മലബാറിലേക്കു പോയി. ആ മാസം 29-ാം തീയതി കോഴിക്കോട്ടു 'ശ്രീകണ്ഠേശ്വരം' എന്നു സ്വാമി ഒടുവിൽ നാമകരണം ചെയ്ത ക്ഷേത്രത്തിന്റെ കുംഭാഭിഷേകം നടത്തി. മംഗലാപുരത്ത് കുററിതറച്ചതായി മേൽ പ്രസ്താവിച്ച ക്ഷേത്രത്തിന്റെ ഷഡാധാരപ്രതിഷ്ഠാ സ്വാമി 18-ാം തീയതി നടത്തി. മിഥുനമാസത്തിൽ സ്വാമി നെയ്യാററുംകര, തിരുവനന്തപുരം ഈ ദിക്കുകളിൽ സഞ്ചരിക്കുകയും, മഠത്തിലേക്ക് ധനാർജ്ജനം ചെയ്യുന്ന വിഷയത്തിൽ യത്നിക്കുകയും ചില വിലപിടിച്ച ദാനാധാരങ്ങൾ എഴുതിവാങ്ങുകയും ചെയ്തു.

1086-തുലാമാസം മുതൽ തിരുവനന്തപുരം നെയ്യാററുങ്കര ഈ താലൂക്കുകളിൽ സ്വജനങ്ങളുടെ ആചാര പരിഷ്ക്കരണസംബന്ധമായും മററുമുള്ള ചില സംഗതികൾ സംബന്ധിച്ചും മകരം 5-ാം തീയതി കരുംകുളം എന്ന സ്ഥലത്തു് ഒരു മാന്യ ഈഴവ കുടുംബത്തിൽ അതികേമമായി നടന്നുകൊണ്ടിരുന്ന ഒരു താലികെട്ടടിയന്തിരം പന്തലിൽ സ്വാമിചെന്നു പെട്ടെന്നു് കയറിയപ്പോൾതന്നെ മുടങ്ങുകയും, മേലാൽ ആ സ്ഥലങ്ങളിൽ ആരും താലികെട്ടടിയന്തിരം നടത്തരുതെന്നുപദേശിക്കുകയും ചെയ്തു.

ശിവഗിരിമഠത്തിൽ സംസ്കൃതപാഠശാല ഈ അവസരത്തിൽ പൂർവ്വാധികം പുഷ്ടിപ്പെടുത്തുകയും സംസ്കൃതഭാഷയ്ക്കു പുറമേ കണക്ക്, ഇംഗ്ലീഷ് മുതലായ പാഠങ്ങൾകൂടി ഏർപ്പെടുത്തുകയും ചെയ്തു. വിദ്യാർത്ഥികളുടെ സംഖ്യ അൻപതിലധികപ്പെട്ടിരുന്നു. ശിവഗിരിയിലെ ശാരദാപ്രതിഷ്ഠ ഈയാണ്ടു

Digitized By Kerala Sahitya Akademi

മേടത്തിൽ നടത്തേണ്ടതാണെന്നു സ്വാമി ആദ്യം ആലോചിച്ചു. ചില ഒരുക്കങ്ങൾ പൂർത്തിയാകാത്തതിനാൽ അപ്പോൾനടത്താൻ സാധിച്ചില്ല. പിന്നെ 1087 ചിങ്ങത്തിൽ സ്വാമിയുടെ ജന്മനക്ഷത്രം സംബന്ധിച്ചു നടത്തുന്നതു നന്നായിരിക്കുമെന്നു ഭാരവാഹികളിൽ ചിലരുടെ ഇടയിൽ ആലോചന നടന്നു. അന്നും സാധിച്ചില്ല. 1086 ഇടവത്തിൽ സ്വാമി കരുനാഗപ്പള്ളിയിൽ ചില സ്ഥലങ്ങളിൽ സഞ്ചരിച്ചു. ആ അവസരത്തിൽ അവിടെയുള്ള രണ്ടു പ്രധാന ഈഴവകുടുംബക്കാർ തമ്മിൽ നടന്നുവന്ന ഒരു ആപല്ക്കരമായ മത്സരത്തെ രാജിപ്പെടുത്തിയിരുന്നു. 1088 കർക്കടകമാസത്തിൽ സ്വാമി ഏതാനും ദിവസം കുററാലത്തുപോയി വിശ്രമിച്ചിരുന്നു. 87 കന്നി 21—ാം തീയതി ശിവഗിരിയിൽവച്ചു നടന്ന എസ്. എൻ. ഡി. പി. യോഗത്തിന്റെ 8—ാം മതു വാർഷികപൊതുയോഗത്തിൽ സ്വാമി സംബന്ധിക്കുകയും ശാരദാപ്രതിഷ്ഠ നടത്തുന്നതിനായി യോഗം മുഖേന ഒരു കമ്മററിയെ നിശ്ചയിച്ചു ചുമതലപ്പെടുത്തുകയും ചെയ്തു. തുലാമാസത്തിൽ സ്വാമി പാപനാശം എന്ന തീർത്ഥസ്ഥലത്തുപോയി കുറേദിവസം വിശ്രമിച്ചു. ഈ യാത്രയിൽ തിരുനൽവേലി, മധുര, തഞ്ചാവൂർ ഈ ഡിസ്ത്രിക്ടുകളിലുള്ള പല പുണ്യസ്ഥലങ്ങളിലും ഏതാനും ദിവസങ്ങൾ താമസിക്കയും അവിടെനിന്നു ധനുമാസത്തിൽ മലബാറിലേക്കുപോകയും ചെയ്തു. ജനങ്ങൾ വേണ്ടത്ര ഉത്സാഹിക്കാത്തതിനാൽ ശാരദാപ്രതിഷ്ഠ നടത്താൻ താമസം നേരിടുന്നതിൽ തനിക്കുള്ള വൈമനസ്യംകൊണ്ടു സ്വാമി ശിവഗിരിവിട്ടു സഞ്ചരിക്കയാണെന്ന് ഈ യാത്രയിൽ ഒരു ജനശ്രുതി പരന്നു.

സ്വാമിയെ ദീർഘസഞ്ചാരത്തിനു പ്രേരിപ്പിച്ച യഥാർത്ഥമായ ഉദ്ദേശ്യം എന്താണെന്നു അധികംപേർ അറിഞ്ഞിട്ടില്ല, ഒടുവിൽ യോഗം ജനറൽസെക്രട്ടറി സ്വാമിയെ തലശ്ശേരിയിൽ ചെന്നു സന്ദർശിച്ചു. ശാരദാപ്രതിഷ്ഠസംബന്ധമായ അവിടത്തെ ആഗ്രഹങ്ങൾ അറിഞ്ഞും ആജ്ഞാപനങ്ങൾ വാങ്ങിയും മടങ്ങുകയും പ്രതിഷ്ഠ 88 മേടത്തിൽ നടത്താൻ യോഗത്തിന്റെ പ്രധാനഭാരവാഹികളായ ജനങ്ങളുമായി ആലോചിച്ചും പ്രതിഷ്ഠാക്കമ്മററി മീററിംഗ് കൂടിയും നിശ്ചയിക്കുകയും ചെയ്തു.

## അദ്ധ്യായം പതിനാല്

1088 മകരമാസത്തിൽ സ്വാമി ആലുവായിലും അടുത്ത പ്രദേശങ്ങളിലും സഞ്ചരിച്ചിരുന്നു. മകരം 9—ാം തീയതി കൊ

Digitized By Kerala Sahitya Akademi

ച്ചി സംസ്ഥാനത്തു മുനമ്പിനു സമീപം ചെറായി എന്ന സ്ഥലത്തു സ്വജനങ്ങളുടെ വകയായി ആരംഭിച്ച ക്ഷേത്രത്തിൻെറ പണികഠം കാണ്മാനും മററുമായി അവിടെ പോവുകയും സ്ഥലം 'വിദ്യാപോഷിണിസഭ' വകയായി ഒരു മംഗളപത്രം സ്വീകരിക്കയും മതം, സദാചാരം, വിദ്യാഭ്യാസം, വ്യവസായം മുതലായ സകലമാർഗ്ഗങ്ങളിലും സ്വജനങ്ങഠം അഭിവൃദ്ധിസമ്പാദിക്കേണ്ട ആവശ്യകതയെ സൂചിപ്പിച്ച് ഒരു സാരമായ മറുപടി നല്കുകയും ചെയ്തു മടങ്ങി. ക്ഷണമനുസരിച്ച താമസിയാതെ തന്നെ ടി സ്ഥലത്തേക്കു വീണ്ടും സ്വാമി പോവുകയും മേല്പറഞ്ഞ ക്ഷേത്രത്തിൻെറ പ്രതിഷ്ഠ നടത്തുകയും 'ഗൗരിശ്വരി' എന്നു നാമകരണം ചെയ്യുകയും ചെയ്തു.

ഈ കാലങ്ങളിൽ സ്വാമി ആലുവായിൽ കൂടക്കൂടെ താമസിക്കുകയും അവിടെ സ്ഥിരമായി എന്തെങ്കിലും ഒരു സ്ഥാപനം ഉണ്ടാക്കാനുള്ള അഭിലാഷത്തെ ഒരുവിധം തൻെറ പ്രവൃത്തികളിൽ സൂചിപ്പിക്കയും ചെയ്തു. ഏകദേശം പത്തുകൊല്ലങ്ങഠംക്കു മുൻപ് അരുവിപ്പുറത്തുനിന്നും സ്വാമി വർക്കലെ സഞ്ചരിച്ചിരുന്നതുപോലെ ഈ കാലത്തു ശിവഗിരിയിൽ നിന്നും ആലുവായിൽ പൊയ്ക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞാൽ ഏതാണ്ടു ശരിയായിരിക്കും.

ആലുവായിൽനിന്നും സ്വാമി മംഗലാപുരത്തേക്കു ക്ഷണം അനുസരിച്ച് പോകയും കുംഭം 10-ാം തീയതി അവിടത്തെ തീയരുടെ ക്ഷേത്രത്തിൻെറ കുംഭാഭിഷേകം നടത്തുകയും ആ ക്ഷേത്രത്തിനു 'തൃപ്പതീശ്വരം' എന്നു പേരിടുകയും ചെയ്തു. മംഗലാപുരത്തെ തീയർ തൃപ്പതി വിഷ്ണുക്ഷേത്രത്തിൽ ആണ്ടുതോറും വലിയ തീർത്ഥയാത്ര ചെയ്യുകയും അനവധി പണം അവിടെ കൊണ്ടുപോയി കാണിക്ക ഇടുകയും ചെയ്യുക പതിവായിരുന്നു. ആ കാണിക്കകഠം തങ്ങളുടെ ക്ഷേത്രത്തിൽ സമർപ്പിച്ചാൽ മതിയെന്നും ദേവൻെറ സാന്നിദ്ധ്യം തൃപ്പതിയിലെപ്പോലെതന്നെ ഇന്നു ഇവിടെയും ഉണ്ടെന്നും സ്വാമി അവരോടുപദേശിച്ചിരുന്നു. തൃപ്പതീശ്വരം എന്നു ക്ഷേത്രത്തിനു നാമകരണം ചെയ്തതുതന്നെ ആ ഉദ്ദേശത്തിലായിരിക്കണം.

തലശ്ശേരി ക്ഷേത്രത്തിനു സ്വാമി ജഗന്നാഥം എന്നു പേർ വിളിച്ചതും ഇതുപോലെ വേറൊരുദ്ദേശത്തോടുകൂടി ആയിരുന്നു. ഇന്ത്യയിലെ പ്രധാന ഹിന്ദുക്ഷേത്രങ്ങളിൽ വച്ച് ഒറീസായിലെ പുരി എന്ന സ്ഥലത്തെ ജഗന്നാഥക്ഷേത്രം ഏററവും പുരാതനവും മുഖ്യവുമായ ഒന്നാണ്. അവിട ജാതിവിചാരം അശേഷം ഇല്ലെന്നുള്ള ഒരു വിശേഷംകൂടിയുണ്ട്. തൻെറ കീഴിലുള്ള ക്ഷേത്രങ്ങഠം എല്ലാം അങ്ങനെയായാൽ

Digitized By Kerala Sahitya Akademi

കൊള്ളാമെന്ന ആഗ്രഹം സ്വാമിക്കുണ്ട്. അതിനെ സ്വാമി പല അവസരങ്ങളിലും പ്രവൃത്തിമൂലം പ്രദർശിപ്പിച്ചിട്ടുമുണ്ട്. തലശ്ശേരി ക്ഷേത്രത്തിൽ ചിലവർഗ്ഗക്കാർക്ക് പ്രവേശനം അനുവദിക്കുന്നതിനു തീയരിൽ പൂർവ്വാചാര പ്രിയരായ ചില ക്കു വിരോധം ഉള്ളതായി സ്വാമി അറിഞ്ഞിട്ടുണ്ടായിരുന്നു. ക്ഷേത്രത്തിനു ജഗന്നാഥം എന്നു പേർ കൊടുത്തിട്ടുള്ള വിഷ യത്തിൽ തനിക്കുള്ള വിശാലമായ അഭിപ്രായം സ്വാമി ജനങ്ങ ളെ അറിയിച്ചതാവുന്നു.

മംഗലാപുരത്തെ ക്ഷേത്രപ്രതിഷ്ഠയോടുകൂടി സ്വാമി യുടെ ക്ഷേത്രസ്ഥാപനയത്നം കേരളത്തിൻെറ ഒരററത്തുനിന്നു മറെറ അററം വരെ എത്തി വേരൂന്നിക്കഴിഞ്ഞു. അതിനുശേഷം അതിൻെറ യഥാക്രമമായ വളർച്ചയേയും നിലനില്പിനെയും പററിയാണ് സ്വാമിക്കു ചിന്തിക്കേണ്ടിയുള്ളത്. മുമ്പേ തന്നെ തൻെറ മതസംബന്ധമായ സ്ഥാപനങ്ങളുടെ തല സ്ഥാനമാക്കാനുദ്ദേശിക്കുന്ന ശിവഗിരിയിലെ പ്രതി ഷ്ഠയും അതു സംബന്ധിച്ച ഏർപ്പാടുകളും എല്ലാം അതിൻെറ ഗൗരവത്തിനു തക്കവണ്ണം കേമമാക്കണമെന്നു സ്വാമി സങ്ക ല്പിക്കുകയും പ്രതിഷ്ഠാക്കമ്മെററിക്കാർ അതിനെ അപ്രകാരം തന്നെ മനസ്സിലാക്കുകയും ചെയ്തു.

പ്രതിഷ്ഠാക്കമ്മെററിയിലെ പ്രസിഡൻറ് ഡാക്ടർ പൽപ്പു മുതലായ യോഗ്യന്മാർ തന്നെ സ്വാമിയെ പ്രതി ഷ്ഠ സംബന്ധിച്ച കാര്യങ്ങൾക്കായി മംഗലാപുരംവരെ പോയി കൂട്ടികൊണ്ടുവരികയും പ്രധാനമായ സകല ഏർപ്പാടുക ളും ഒരുക്കങ്ങളും സ്വാമിയുടെ ഹിതവും കല്പനയും അനുസ രിച്ച് ചെയ്കയും ചെയ്തു. പ്രതിഷ്ഠാ അവസരത്തിൽ ശിവഗിരിയിൽ സംഭാവനകളോടുകൂടി ഹാജരാകുന്നതിനു സ്വാമി പ്രതിഷ്ഠ നടത്തിയിട്ടുള്ള ചെറുതും വലുതും പൊതുവ കയും പ്രത്യേകമാളുകളുടെ വകയുമായ 50-ഓളം ക്ഷേത്രങ്ങ ളിലേക്കു വിജ്ഞാപനങ്ങൾ അയയ്ക്കുകയും ചെയ്ത പ്രകാരം പല ദൂരദേശത്തുള്ള ക്ഷേത്രങ്ങളിൽനിന്നു വിഗ്രഹ ങ്ങളെ ആനപ്പുറത്ത് എഴുന്നള്ളിച്ച് ശിവഗിരിയിൽ എത്തു കയും ചെയ്തിരുന്നു. സ്വാമിതന്നെ നിശ്ചയിച്ച പ്രകാരം 1088 മേടം 18-ാം തീയതി രാത്രി 3 മണിക്ക് ശിവഗിരി യിൽ മഹാദേവപ്രതിഷ്ഠയും 5 മണിക്കുമദ്ധ്യേ ശാരദാ പ്രതിഷ്ഠയും സ്വാമി തൻെറ പാവനമായ കയ്യാൽ തന്നെ നിർവ്വഹിച്ചു കഴിഞ്ഞു. സംഗതികൾ എല്ലാം വിചാരിച്ചതിലും തുലോം അധികം ഭംഗിയായും കേമമായും മംഗളമായും കഴി ഞ്ഞുകൂടി എന്നു് എങ്ങും ഒരു പോലെ ഉണ്ടായ ശ്രുതി സ്വാമി ക്കും കമ്മററിക്കും സമുദായത്തിനു മുഴുവനും ചാരിതാർത്ഥ്യ

Digitized By Kerala Sahitya Akademi

ജനകമായിരുന്നു. പ്രാധാന്യം കൊണ്ടും പ്രൗഢികൊണ്ടും ഇത്ര ക്രേമമായ ഒരു മഹോത്സവം കേരളത്തിൽ തീയർ ഇതിനുമുൻപു് ഒരിക്കലും കൊണ്ടാടിയിട്ടില്ലെന്നുള്ളതു നിശ്ചയം തന്നെ.

## അദ്ധ്യായം പതിനഞ്ചു്

ശിവഗിരിയിലെ പ്രതിഷ്ഠകഴിഞ്ഞ് സ്വല്പദിവസം സ്വാമി ശിവഗിരിയിൽ താമസിച്ചു. അതിനുശേഷം സന്യാസി ശിഷ്യന്മാരിൽ ചിലരെ മഠത്തിൽ താമസിപ്പിക്കാനും ചിലരെ പുറത്തുപോയി മതസംബന്ധമായ പ്രസംഗങ്ങൾകൊണ്ടും മററു പ്രകാരത്തിലും ജനങ്ങളുടെ ഗുണത്തിനായി യത്നിപ്പാനും ആജ്ഞാപിച്ച് അയച്ചുകൊണ്ടു സ്വാമി വീണ്ടും വടക്കോട്ടേക്കു് യാത്ര ചെയ്തു. വഴിക്ക് ചേർത്തല ഇറങ്ങുകയും സ്ഥലത്തെ സ്വജനങ്ങൾ സ്വാമിയെ ഭക്തി ബഹുമാനപൂർവ്വം സ്വീകരിച്ചു സൽക്കരിക്കയും, ആലുവായിൽ ഒരു മഠം പണിയുന്ന വകയ്ക്കായി കുറെ പണം ജനങ്ങൾ കാണിക്കവെയ്ക്കയും ചെയ്തു.

അവിടെനിന്നും സ്വാമി ആലുവായിലെത്തി താമസിച്ചു. ആ അവസരത്തിൽ തലശ്ശേരി 'ജഗന്നാഥ' ക്ഷേത്രത്തിൽ ഇടവമാസത്തെ ഇളനീരഭിഷേകത്തിന് സ്വാമിയുടെ സാന്നിദ്ധ്യം ആവശ്യപ്പെട്ടു് ക്ഷേത്ര ഭാരവാഹികൾ വന്നു ക്ഷണിക്കയും വീണ്ടും സ്വാമി തലശ്ശേരിക്കു പോകയും ചെയ്തു. ഈ യാത്രയിൽ സ്വാമി ആലുവായിൽ ഒരു സ്ഥാപനം ഉറപ്പിക്കുന്നതിനെപ്പററി പ്രത്യക്ഷമായി ശ്രമിക്കുകയായിരുന്നു. ജഗന്നാഥക്ഷേത്രത്തിൽ അന്നത്തെ ഇളംനീരഭിഷേകം സംബന്ധിച്ചുള്ള നടവരവിൽ ഒരുഭാഗം ആലുവായിലെ സ്ഥാപനത്തിൻെറ ചിലവിലേക്കായി സമർപ്പിക്കാൻ ക്ഷേത്രഭാരവാഹികൾ തീർച്ചയാക്കുകയും അപ്രകാരം ചെയ്കയും ചെയ്തു തലശ്ശേരിയിൽനിന്നും സ്വാമി ഉടനെ ആലുവായ്ക്കു മടങ്ങുകയും അവിടെ മുൻപു സൂചിപ്പിച്ചിട്ടുള്ളതും, ഇപ്പോൾ സ്വാമി ആശ്രമം സ്ഥാപിച്ചിരിക്കുന്നതുമായ, പുഴവക്കത്തുള്ള പറമ്പ് തീറെഴുതി വാങ്ങുകയും ചെയ്തു.

കർക്കിടകത്തിൽ വീണ്ടും സ്വാമി ശിവഗിരിയിലും അവിടെനിന്നും അരുവിപ്പുറത്തും എത്തി വിശ്രമിക്കുകയും സമീപപ്രദേശങ്ങളിൽ സഞ്ചരിക്കുകയും 1088 കന്നിമാസത്തോടുകൂടി ആലുവായ്ക്കു മടങ്ങുകയും ചെയ്തു. കുംഭമാസം ശിവരാത്രി സംബന്ധിച്ച് ആലുവായിൽ സ്വാമി ഒരു വലിയ സഭവിളി

Digitized By Kerala Sahitya Akademi

ച്ചു കൂട്ടുകയും ഒരു സംസ്കൃത വിദ്യാമന്ദിരം സ്ഥാപിക്ക മുതലായ സംഗതികളെപ്പററി ആലോചിക്കുകയും ചെയ്തു. ഈ വിദ്യാമന്ദിരം സംബന്ധിച്ച ജനങ്ങളെ പ്രേരിപ്പിക്കുന്നതിനും മററുമായി വീണ്ടും സ്വാമി മലബാറിൽ സഞ്ചരിക്കുകയും അനേകം ധനവാന്മാർ അതിലേക്കായി വലിയ സംഖ്യകരം കൊടുപ്പാൻ വാഗ്ദാനം ചെയ്യുകയും ചെയ്തു. മീനത്തിൽ സ്വാമി ശിവഗിരി, അരുവിപ്പുറം ഈ സ്ഥലങ്ങളിലും കൊല്ലത്തും ഏതാനും ദിവസം വിശ്രമിക്കുകയും മേടത്തിൽ ആലുവായ്ക്കു മടങ്ങി അവിടെനിന്നും സ്വല്പം ദിവസം നീലഗിരിയിൽ പോയി വിശ്രമിക്കയും മടക്കത്തിൽ പാലക്കാട്ട് ഇറങ്ങുകയും അവിടെ സ്വല്പം താമസിച്ച് ആലുവാമ്പിൽ തിരിയെ എത്തി വിശ്രമിക്കയും ചെയ്തു.

1089—ാമാണ്ടു ചിങ്ങമാസം മുതൽ വൃശ്ചികം വരെ അധികദിവസവും സ്വാമി ആലുവായിൽ വിശ്രമിക്കയും അവിടെ നിന്നു വടക്കോട്ടു സഞ്ചരിക്കയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ കൊല്ലം, കാർത്തികപ്പള്ളി ഈ സ്ഥലങ്ങളിൽ ക്ഷണിക്കപ്പെടുകയും കാർത്തികപ്പള്ളി ആലുംമൂട്ടിൽ തറവാട്ടിൽ നിന്നു മദ്രാസിൽ അവരുടെ വകയായുള്ള 4300.ക. വിലപിടിക്കുന്ന ഒരു വീടും പറമ്പും ദാനമായി സ്വാമിക്കു് എഴുതിക്കൊടുക്കയും ചെയ്തു. ഇതിനിടയിൽ സ്വാമി ആലുവാപുഴവക്കിൽ തീറുവാങ്ങിയ പറമ്പിൽ ഒരു ചെറിയ ആശ്രമം പണികഴിപ്പിച്ചിട്ടുണ്ടു്.

ആശ്രമത്തിനടുത്തു പറവൂർ വടക്കേക്കര മൂത്തകുന്നത്തു ശ്രീനാരായണമംഗല ക്ഷേത്രക്കാർ വാങ്ങി സ്വാമിക്കു സമർപ്പിച്ചിരിക്കുന്ന, തീവണ്ടിസ്റ്റേഷനു സമീപമുള്ളതും സ്വാമി മുൻപു് വിഷൂചിക പിടിപെട്ടപ്പോരം താമസിച്ചിരുന്നതുമായ കെട്ടിടത്തെ പുതുക്കി അതിൽ വിദ്യാർത്ഥികളും സന്യാസികളും മററും താമസിക്കുന്നതിനുള്ള ഒരു മഠം ആക്കുകയും ഒരു അദ്ധ്യാപകനെ വച്ചു സംസ്കൃതം പഠിപ്പിക്കുന്നതിനു് ഏർപ്പാടു ചെയ്യുകയും ചെയ്തിട്ടുണ്ടു്. മകരത്തിൽ സ്വാമി ശിവഗിരിയിൽ ആദ്യമായി പൂയം മഹോത്സവത്തിനു് ഏർപ്പാടു ചെയ്യുകയും ഉത്സവം മംഗളകരമായും കേമമായും നടക്കുകയും ചെയ്തു.

ഈ കൊല്ലം മേടമാസത്തോടടുത്തു്, അന്നു തിരുവിതാംകൂർ ചീഫ് ജസ്റ്റീസായിരുന്ന ഇപ്പോഴത്തെ ദിവാൻ മ.രാ.രാ. മന്ദത്തു കൃഷ്ണൻനായർ അവർകരം സ്വാമിയെ ആലുവായിൽ വച്ചു സന്ദർശിച്ചിരുന്നു. മേടത്തിൽ ആലുവാ വച്ചു് അതികേമമായി നടത്തപ്പെട്ട എസ്. എൻ. ഡി. പി. യോഗത്തിന്റെ 11—ാം വാർഷിക പൊതുയോഗത്തിൽവച്ചു മാറിപ്പോയ ദിവാൻ

Digitized By Kerala Sahitya Akademi

രാജഗോപാലാചാരി അവർകൾ സ്വാമിയെ കാണാൻ മുൻകൂട്ടി പ്രതീക്ഷിച്ചിരുന്ന എങ്കിലും ആ സന്ദർഭത്തിൽ സ്വാമി കുററാലത്തു വിശ്രമിക്കയായിരുന്നതിനാൽ സാധിച്ചില്ല.

മേടം അവസാനത്തിൽ സ്വാമി മടങ്ങി ആലുവായ്ക്കു വരുന്ന മദ്ധ്യത്തിൽ കേരളീയ നായർസമാജം പ്രവർത്തകന്മാർ സ്വാമിയെ കോട്ടയത്തുവച്ചു നടത്തിയിരുന്ന ടി സമാജത്തിൻെറ വാർഷിക യോഗത്തിൽ സംബന്ധിപ്പാനായി സൽക്കാരപൂർവ്വം കൂട്ടിക്കൊണ്ടുപോകയും സ്വാമി ടി സമാജത്തിൽ ഹാജരാകയും സഭയിൽ സന്നിഹിതരായിരുന്ന സർവ്വജനങ്ങളുടെയും അസാമാന്യമായ സ്നേഹബഹുമാനങ്ങൾക്ക് ഏക ലക്ഷ്യമായി തീരുകയും ചെയ്തു. കോട്ടയത്തു നിന്നു സ്വാമി ആലുവാ അദ്വൈതാശ്രമത്തിൽ എത്തി സ്വല്പദിവസം താമസിച്ചു, അവിടെ നിന്നും ഇടവത്തിൽ മലബാറിൽ പോയി മടങ്ങിവന്നു. മിഥുനത്തിൽ കൊല്ലത്തുവന്നു. അവിടെ നിന്നു് ഏതാനും മാന്യഗൃഹസ്ഥന്മാരും ബ്രഹ്മചാരികളും ഒന്നിച്ചു കുററാലം മുതലായ പല പുണ്യക്ഷേത്രങ്ങളും സന്ദർശിച്ചുകൊണ്ടു് യാത്ര ചെയ്തു.

മദ്രാസിലെത്തി സ്വല്പദിവസം താമസിക്കുകയും അവിടെ നിന്നു ബാംഗ്ളൂർവരെ പോയി ആലുവായ്ക്കു മടങ്ങുകയും ചെയ്തു. 1090–ാമാണ്ടു ചിങ്ങമാസത്തിൽ സ്വാമി ചെങ്ങന്നൂർ, തിരുവല്ല ഈ താലൂക്കുകളിൽ സഞ്ചരിച്ചു. സ്വജനങ്ങൾ സ്വാമിയെ ഏററവും ഭക്തിപുരസ്സരം അതാതു സ്ഥലങ്ങളിൽ എതിരേല്ക്കുകയും സല്ക്കരിക്കുകയും ആലുവാ സ്ഥാപിക്കാൻ വിചാരിക്കുന്ന വിദ്യാലയത്തിനു ധനസഹായം ചെയ്യുകയും ചെയ്തു.

ഈ യാത്രയിൽ അന്യവർഗ്ഗങ്ങളിലെ പല മാന്യന്മാരും സ്വാമിയെ ആദരിക്കുകയും പൊതുവകയായുള്ള ചില സഭകളിൽ സ്വാമിസന്നിഹിതനാകയും ചെയ്തു. പുലയർ മുതലായ എളിയ വർഗ്ഗക്കാരുടെ മേൽ ജനങ്ങൾക്കു് അനുകമ്പ തോന്നേണ്ട ആവശ്യകതയെപ്പററി ഈ സന്ദർഭത്തിൽ സ്വാമി പലരോടും സ്വകാര്യമായി ഉപദേശിക്കയും സ്വാമി പ്രത്യക്ഷമായി ആ വർഗ്ഗക്കാരോടു ഭേദമില്ലാതെയും പ്രത്യേകം സ്നേഹപൂർവ്വമായും പെരുമാറുകയും ചെയ്തു. സ്വാമിയുടെ ഈ സ്നേഹപ്രകടനം ആ സ്ഥലത്തെ സ്ഥിതിക്കു പ്രത്യേകം ആവശ്യം തന്നെ ആയിരുന്നു.

ധനുമാസത്തിൽ സ്വാമി ശിവഗിരിയിലെത്തി സ്വല്പം വിശ്രമിക്കുകയും അവിടെനിന്നും അരുവിപ്പുറത്തുപോയി താമസിക്കയും, സമീപസ്ഥലങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കയും ചെയ്തു. നെയ്യാററുംകര പുലയക്കു് ഈ അവസരത്തിൽ

Digitized By Kerala Sahitya Akademi

അന്യജാതിക്കാരിൽനിന്നു നേരിട്ട ഉപദ്രവങ്ങളിൽ സ്വാമി അത്യന്തം സഹതപിക്കുകയും സ്വവർഗ്ഗക്കാരുടെ അനുകമ്പ അവരിൽ സ്ഥിരമായി പ്രവർത്തിക്കുന്നതിനു സ്വകാര്യമായിവേണ്ട ഉപദേശങ്ങൾ ചെയ്യുകയും ചെയ്തു. അനവധി പുലയരും അവരുടെ സമുദായ പ്രധാനികളും സ്വാമിയെ വന്നു സന്ദർശിച്ച് ആനുഗ്രഹവും സദുപദേശങ്ങളും സ്വീകരിച്ചു.

ഈ സന്ദർഭത്തിൽ സ്വാമിയുടെ ശ്രദ്ധയെ ആകർഷിച്ചിരുന്ന മറെറാരു വിഷയം എസ്. എൻ. ഡി. പി. യോഗത്തിന്റെ ആചാരസംബന്ധമായും മതസംബന്ധമായും മററുമുള്ള ഉദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനും അതിന്റെ പ്രവർത്തികളെ പൂർവ്വാധികം പ്രചാരപ്പെടുത്തുന്നതിനുമായി സ്വജനങ്ങൾ അധിവസിക്കുന്ന ദേശങ്ങൾ, അല്ലെങ്കിൽ കരകൾതോറും ദേശസഭകൾ ഏർപ്പെടുത്തുക എന്നുള്ളതായിരുന്നു. എസ്.എൻ.ഡി.പി. യോഗം പോലെതന്നെ ദേശസഭകളും കേരളത്തിന്റെ തെക്കേ അററമായ നെയ്യാററുംകര താലൂക്കിൽ ആദ്യമായി സ്ഥാപിച്ചുതുടങ്ങുകയും, ക്രമേണ മററു താലൂക്കുകളിലും രാജ്യങ്ങളിലും വ്യാപിപ്പിക്കയും ചെയ്യണമെന്നുള്ള വിചാരത്താൽ സ്വാമി അരുവിപ്പുറത്തു് അതിനായി കുറേ ദിവസം വിശ്രമിക്കയും സ്ഥലത്തെ ജനങ്ങളെ ആ വിഷയത്തിൽ പ്രേരിപ്പിക്കയും ചെയ്തുകൊണ്ടിരുന്നു.

ഇതിനിടയിൽ തിരുവിതാംകൂറിന്റെ തെക്കുകിഴക്കേ അതിർത്തിയും തമിഴ്പ്രദേശവുമായ തോവാള, അഗസ്തീശ്വരം, ഈ താലൂക്കുകളിലെ സ്വജനങ്ങൾ സ്വാമിയെ ക്ഷണിച്ച് ആ സ്ഥലങ്ങളിലേക്കു കൊണ്ടുപോകയും തോവാള, കടുക്കറ എന്ന സ്ഥലത്തും അഗസ്തീശ്വരത്തു കോട്ടാർ നഗരത്തിലും സ്വാമി ഒന്നുരണ്ടു ദിവസം വിമിക്കയും ചെയ്തു ഈ അവസരത്തിൽ സ്വാമി അവിടെ ആട്, കോഴി മുതലായ ജന്തുക്കളെ ബലികഴിച്ചുവന്ന അനേകം ദുർദ്ദേവതകളുടെ പീഠങ്ങൾ ജനങ്ങളുടെ സമ്മതംവാങ്ങി ഇടിച്ചുകളയുകയും ചില ദേവീക്ഷേത്രങ്ങളിൽനടന്നുവന്ന പ്രാണിഹിംസയെ നിർത്തൽ ചെയ്തു സാത്വികരീതിയിലുള്ള ആരാധനാക്രമം നടപ്പാക്കുകയും ചെയ്തു.

ഈ നഗരത്തിൽ വാകയടിത്തെരുവു ആറുമുഖപ്പെരുമാൾ പിള്ളയാർ ദേവസ്വവും സമുദായവുംവക കാര്യങ്ങൾക്കു സമുദായങ്ങളുടെ ഇടയിലുള്ള കക്ഷിമത്സരം നിമിത്തം ഉണ്ടായിരുന്ന കുഴപ്പങ്ങൾ എല്ലാം ഈ അവസരത്തിൽ സ്വാമി പറഞ്ഞുതീർത്തു രാജിപ്പെടുത്തുകയും മേലാൽ ഈ കുഴപ്പങ്ങൾ ഉണ്ടാകാതിരിപ്പാൻ ചില വ്യവസ്ഥകൾ ഏർപ്പെടുത്തുകയും ചെയ്തു.

Digitized By Kerala Sahitya Akademi

അവിടെനിന്നു സ്വാമി ശിവഗിരിയിൽ പൂയമഹോത്സവം സംബന്ധിച്ച സന്നിഹിതനായിരിക്കേണമെന്നുള്ള ഉത്സവ ഭാരവാഹികളുടെ ഭക്തിപൂർവ്വമായ അപേക്ഷ അനുസരിച്ച് ഉടനെ പുറപ്പെട്ടു ശിവഗിരിയിൽ എത്തി. ശിവഗിരി മഹാദേവപ്രതിഷ്ഠ ശാരദാ പ്രതിഷ്ഠയോടുകൂടി പെട്ടെന്നു ആലോചിച്ചുചെയ്ത ഒരു സ്ഥാപനമാണെന്നും അതുവേണ്ടത്ര പൂർവ്വാലോചനയോടും ക്ഷേത്രം നിർമ്മിക്ക മുതലായ ആവശ്യങ്ങൾ പൂർത്തിയാക്കിയ ശേഷവും ചെയ്തതല്ലെന്നുമുള്ള വസ്തുത പരസ്യമാണ്.

പ്രതിഷ്ഠാദിവസം മുതൽ ക്ഷേത്രത്തിന്റെ സ്ഥാനത്തിൽ ഒരു ചെറിയ ഓലപ്പുര മാത്രമാണുള്ളത്. ക്ഷേത്രപ്പണി ജനങ്ങൾ വേഗം ആരംഭിച്ച് പൂർത്തിയാക്കുമെന്നായിരുന്നു സ്വാമി പ്രതീക്ഷിച്ചിരുന്നത്.

ശിവഗിരിവിട്ടു പ്രതിഷ്ഠാനന്തരം സ്വാമി ആലുവായിൽ താമസം ആരംഭിച്ചതിനാൽ ജനങ്ങളുടെ ദൃഷ്ടി ക്രമേണ അങ്ങോട്ടേക്കു ആകർഷിക്കപ്പെടുകയും ശിവഗിരിയിലെ കാര്യങ്ങൾക്ക് ഉത്സാഹം ഏതാണ്ടു കുറഞ്ഞു തുടങ്ങുകയും ചെയ്തു. അതുകൊണ്ടുതന്നെയാണു ക്ഷേത്രപ്പണി ആരംഭിപ്പാൻ താമസം നേരിട്ടത്. എന്നാൽ സമുദായത്തിൽ പല യോഗ്യന്മാരും യോഗം ഭാരവാഹികളും സദാ അതിനെപ്പററി ചിന്തിച്ചുകൊണ്ടും പണി ആരംഭിപ്പാൻ ഒരു നല്ല അവസരത്തെ പ്രതീക്ഷിച്ചുകൊണ്ടുമാണിരുന്നത്.

ഉത്സവം സംബന്ധിച്ചു ശിവഗിരിയിൽ വിശ്രമിക്കുമ്പോൾ അവിടെ നിർമ്മിക്കേണ്ട ക്ഷേത്രത്തിന്റെ മാതൃകയേയും വലിപ്പത്തേയും മററും പററി സ്വാമി ഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കയും ചില അഭിപ്രായങ്ങൾ എല്ലാം പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അനുമാനിക്കാവുന്നതായി സ്വാമിയുടെ അഗാധമായ ഹൃദയത്തിൽ ഇപ്പോൾ കിടക്കുന്ന മറെറാരു പാവനമായ അഭിപ്രായം തന്റെ ശിഷ്യന്മാരായ സന്യാസികളും ബ്രഹ്മചാരികളും അടങ്ങിയ ഒരു പ്രത്യേക സംഘം സ്ഥാപിച്ചും അതുമൂലം ജാതിമത ഭേദംകൂടാതെ പൊതുവിൽ നാട്ടിനും ജനങ്ങൾക്കും ഒന്നുപോലെ ആദ്ധ്യാത്മികമായ ശ്രേയസ്സും സദാചാരസംബന്ധമായും വിദ്യാഭ്യാസ സംബന്ധമായും ഉള്ള അഭിവൃദ്ധിയും ഉണ്ടാകുന്നതിനു യത്നിപ്പാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നുള്ളതാകുന്നു.

Digitized By Kerala Sahitya Akademi

സ്വാമിയുടെ സംക്ഷിപ്തമായ ഈ ജീവചരിത്രം തൽക്കാലം ഇവിടെ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനെ വായനക്കാർ അതിമനോഹരമായ അവിടത്തെ ജീവചരിത്രഗാത്രത്തിന്റെ അസ്ഥികൂടം എന്നുമാത്രം കരുതിയാൽ മതി.

ഠഠ

Digitized By Kerala Sahitya Akademi

## അനുബന്ധം ഒന്ന്

## കൊ: വ: 1090 മുതൽ സമാധിവരെ ഗുരുദേവന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ

### 1090

ആലുവാ അദ്വൈതാശ്രമത്തിന്റെ പ്രാരംഭപ്രവർത്തനം.

മെഴുവേലി ആനന്ദഭൂതേശ്വരം ക്ഷേത്രത്തിലേക്കു പോകുന്നവഴി കമ്മാളസമുദായക്കാർക്കുവേണ്ടി സിദ്ധേശ്വരം എന്ന ക്ഷേത്രത്തിന്റെ സ്ഥാപനം.

സരസകവി മൂലൂരിന്റെ വസതിയായ കളരിവീട്ട സന്ദർശനം.

അഞ്ചുതെങ്ങു ജ്ഞാനേശ്വരക്ഷേത്ര പ്രതിഷ്ഠ.

പഴനിക്ഷേത്ര സന്ദർശനം

### 1091

ആലുവാ അദ്വൈതാശ്രമം സംസ്കൃതസ്കൂൾ ഉദ്ഘാടനം.

രമണമഹർഷിയുടെ ക്ഷണം. തിരുവണ്ണാമലയിൽ വിശ്രമം.

### 1092

ഷഷ്ടിപൂർത്തി ആഘോഷങ്ങൾ.

മിശ്രവിവാഹസന്ദേശം.

തൃശ്ശൂർ കൂർക്കഞ്ചേരി ക്ഷേത്ര പ്രതിഷ്ഠ.

കാഞ്ചീപുരത്തേക്കും അവിടെനിന്നും ജസ്റ്റീസ് സദാശിവയ്യർ, ജസ്റ്റീസ് ചെറുവാരിയിൽ കൃഷ്ണൻ ഇവരുടെ ക്ഷണപ്രകാരം മദ്രാസിലേക്കും യാത്ര.

കാഞ്ചീപുരം ശ്രീനാരായണ സേവാശ്രമ സ്ഥാപനം.

മദ്രാസിൽ ചിന്താദ്രിപ്പേട്ട അദ്വൈതാശ്രമ സ്ഥാപനം.

Digitized By Kerala Sahitya Akademi

1094

കൊളമ്പ്യാത്ര.

തിരുവല്ലാ കണിക്കുറുപ്പ കൃഷ്ണൻ വൈദ്യന്റെ ഈഴവീ കരണം.

1096

മദ്യവർജ്ജന സന്ദേശവും ഏകജാതി സന്ദേശവും.

കാരമുക്ക ക്ഷേത്ര പ്രതിഷ്ഠ.

ആലുവായിൽ സമസ്തകേരള സഹോദര സമ്മേളനം.

1097

തൃപ്പാദങ്ങളുടെ സാന്നിധ്യത്തിൽ കൊല്ലം പെരിനാട് എസ്. എൻ. ഡി. പി. വിശേഷാൽ സമ്മേളനം.

മുരുക്കുംപുഴ ക്ഷേത്രത്തിൽ 'സത്യം, ധർമ്മം, ദയ, ശാന്തി' എന്ന രേഖപ്പെടുത്തിയ 'പ്രഭാ'പ്രതിഷ്ഠ.

1098

വർക്കലവെച്ച രവീന്ദ്രനാഥ ടാഗോറിന്റെ സന്ദർശനം. പാണാവള്ളി ശ്രീകണ്ഠേശ്വരക്ഷേത്ര പ്രതിഷ്ഠ.

1099

മഹാകവി കുമാരനാശാന്റെ ചരമം.

ആലുവാ സർവ്വമത സമ്മേളനം.

വൈക്കം സത്യാഗ്രഹാരംഭം.

1100

ശിവഗിരിയിലെ മാതൃകാപാഠശാലയുടെ ശിലാസ്ഥാപനം.

സത്യാഗ്രഹാശ്രമ സന്ദർശനം.

സവർണ്ണഹിന്ദു ജാഥാംഗങ്ങൾക്ക് ശിവഗിരിയിൽ സ്വീകരണം.

ഗാന്ധിജിയുടെ സ്വാമി സന്ദർശനം (വർക്കല)

ഗാന്ധിജിക്ക് ആലുവാ ആശ്രമത്തിൽ സ്വീകരണം.

Digitized By Kerala Sahitya Akademi

1101

ബോധാനന്ദ സ്വാമികൾക്ക പിൻഗാമിയായി അഭിഷേചനം.

ബ്രഹ്മവിദ്യാലയത്തിൻെറ ശിലാസ്ഥാപനം

ദിവാൻ വാട്സിൻെറ ശിവഗിരി സന്ദർശനം.

ഗുരുവിൻെറ വിൽപ്പത്രം.

1102

സത്യവ്രത സ്വാമികളുടെ സമാധി.

വീണ്ടും സിലോൺ സന്ദർശനം.

തൃപ്പാദങ്ങൾ സംബന്ധിച്ച പള്ളാത്തുരുത്തു് എസ്. എൻ. ഡി. പി. യോഗം.

സംഘടനാ സന്ദേശം.

കളവംകോടം ക്ഷേത്രപ്രതിഷ്ഠ (ഓം ശാന്തി എന്നെഴുതിയ നിലക്കണ്ണാടി)

1103

ശ്രീനാരായണ ധർമ്മ സംഘസ്ഥാപനം.

തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ തൃപ്പാദങ്ങളുടെ ലോഹപ്രതിമാസ്ഥാപനം.

കോട്ടയത്തുകൂടിയ എസ്. എൻ. ഡി. പി. വിശേഷാൽ പൊതുയോഗത്തിൽവച്ചു് 108 ശാഖായോഗങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കററ് വിതരണം

വൈക്കം വെച്ചൂർ മഠത്തിൽവച്ച മൂത്രകൃച്ഛ്ര രോഗാരംഭം.

1104

സമാധി (കന്നി 5: 1928 സെപ്ററംബർ 20)

Digitized By Kerala Sahitya Akademi

അനുബന്ധം രണ്ട്

കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ

# ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമികളുടെ വടക്കൻയാത്ര

വളരെക്കാലമായി കാണ്മാൻ കൊതിച്ചുകൊണ്ടിരുന്ന പലരുടേയും ഭാഗ്യത്താൽ സ്വാമി അവർകൾ ശിവരാത്രി കഴിഞ്ഞുകൂടിയ ഉടനേ ക്ഷണിക്കുന്നതിനായി കോട്ടയം കുമരകം സമാജത്തിൽനിന്നും മുൻകൂട്ടി വന്നിട്ടുണ്ടായിരുന്ന മാന്യന്മാരൊന്നിച്ചു വടക്കോട്ടേയ്ക്കു യാത്രപുറപ്പെട്ടു. സ്ഥലത്തെത്തിയ ശേഷം ചെയ്ത പൊതുഗുണപ്രദങ്ങളായ സംഗതികളിൽ കുമരകം സമാജം വകയായി ഒരു ക്ഷേത്രം ആരംഭിച്ചതും സ്കൂളിനു സ്ഥാനം കണ്ടതും മററും പ്രധാനങ്ങളാകുന്നു. ഇതുകൂടാതെ കോട്ടയം വല്ലഭശേരി കുടുംബക്കാരുടെ വകയായി വളരെ പുരാതനമായ ഒരു ഭഗവതീക്ഷേത്രത്തിൽ കൊല്ലംതോറും നടന്നു വന്നിരുന്ന അസംഖ്യം ആടുകളുടേയും കോഴികളുടേയും ഹിംസയെ സ്വാമി അവർകൾ (ഈ മാതിരിയുള്ള മററനേകം ക്ഷേത്രങ്ങളിൽ എന്നപോലെ) നിറുത്തൽ ചെയ്കയും അനേകം മദ്യപാനികളുടെ കുടി ഉപേക്ഷിപ്പിക്കയും അനേകം രോഗികളെ സുഖപ്പെടുത്തുകയും മററും ചെയ്ക ഉണ്ടായി. സ്വാമി അവർകൾ അവിടെചെയ്ത പ്രവൃത്തികളെ സംബന്ധിച്ചു അനേകം വിസ്മയകരങ്ങളായ വൃത്താന്തങ്ങൾ ഞങ്ങൾക്കു ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. നൂതനമായാരംഭിച്ച കുമരകം ക്ഷേത്രത്തിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യ ബലത്താൽ പ്രാർത്ഥിക്കുന്നവർക്കു വലിയ ഫലസിദ്ധികൾ കണ്ടുവരുന്നു എന്നും തന്നിമിത്തം അവിടത്തെ ആദായം വേഗത്തിൽ വദ്ധിച്ചു വരുന്നു എന്നും അറിയുന്നു അദ്ദേഹത്താൽ കുടി ഉപേക്ഷിക്കപ്പെട്ടവർ മദ്യം കണ്ടാൽ ഇപ്പോൾ ഛർദ്ദിക്കുന്നു അത്രെ. മഹാത്മാക്കളുടെ മനശ്ശക്തി (Mental Magnatism)യുടെ വൈഭവത്തെപ്പററി ഒരുപ്രകാരം അല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ എല്ലാവരും സമ്മതിക്കുന്നതാണ്. ഏതാനും കൊല്ലങ്ങൾക്കു മുമ്പിൽ മദ്ധ്യദക്ഷിണതിരുവിതാംകൂറിൽ അനേകരെ വിസ്മയാകുലരാക്കിയിരുന്ന ഈ യോഗീശ്വരന്റെ പ്രഭാവം താൻ ഇപ്പോൾ ആശ്ചര്യങ്ങളെ പ്രദർശിപ്പിക്കുന്ന അവസ്ഥയെ

Digitized By Kerala Sahitya Akademi

കടന്ന ഉപരിതനവും ശാന്തവുമായ നിലയേ പ്രാപിച്ചിരിക്കയാണെങ്കിലും തന്നിൽത്തന്നെ മറഞ്ഞിരുന്നുകൊണ്ട് പരോപകാരാർത്ഥം ചിലപ്പോൾ സ്വയമേവ വെളിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുതന്നെ നമുക്കു വിചാരിക്കാം.

കോട്ടയത്തുനിന്നും സ്വാമി അവർകൾ തൃശ്ശിവപേരൂർക്കും അവിടെനിന്നും തലശ്ശേരിക്കും പ്രത്യേകം വന്നിട്ടുണ്ടായിരുന്ന മാന്യന്മാരാൽ ക്ഷണിക്കപ്പെട്ടു. തലശ്ശേരിയിലെ സ്വജനങ്ങൾക്കു സ്വാമിഅവർകളുടെ നേർക്കുള്ള ഭക്തി സ്നേഹബഹുമാനങ്ങൾ വലുതാകുന്നു. അവരുടെ ഇടയിൽ കുറേക്കാലമായി നിലനിന്നുപോന്നതും പൊതുഅഭിവൃദ്ധിക്കും കുടുംബസുഖങ്ങൾക്കുപോലും പല പ്രകാരത്തിൽ ഹാനികരവുമായിരുന്ന ബ്രഹ്മസമാജസംബന്ധമായ കക്ഷിപിണക്കത്തെ സ്വാമി അവർകൾ രാജിപ്പെടുത്തിയത്തു വരുന്ന തലമുറകളിൽക്കൂടി സ്മരിക്കത്തക്ക സംഗതിയാകുന്നു. അവിടത്തെ ശ്രീ ജ്ഞാനോദയസമാജം വകയായി സ്ഥാപിപ്പാൻ പോകുന്ന ഒരു ക്ഷേത്രത്തിനു സ്ഥലം സങ്കല്പിച്ചു കുററി നാട്ടിയശേഷം സ്വാമിയും അനുചരന്മാരും കോഴിക്കോട്ടേക്കു മടങ്ങി.

അവിടെ രണ്ടു ദിവസത്തോളം മഠത്തിൽ മാരാരാരാരിച്ചൻ മൂപ്പൻ മുതലായ മാന്യന്മാരുടെ അതിഥിയായിരിക്കുകയും അതിനുശേഷം തൃശ്ശൂർ വന്നു പെരിങ്ങോട്ടുകര വലപ്പാടു മുതലായ ദേശങ്ങൾ വഴിയായി വടക്കൻപറവൂർ എത്തുകയും ചെയ്തു. അവിടെ ഹിന്ദുമതധർമ്മപരിപാലന സഭക്കാരുടേയും കുളവേലിൽ കൃഷ്ണൻവൈദ്യർ മുതലായ മാന്യന്മാരുടേയും സഹകരണത്തോടുകൂടി നാലുകെട്ടടിയന്ത്രം അശേഷം നിറുത്തൽ ചെയ്ക മുതലായി സമുദായ ഗുണപ്രദങ്ങളായ പല കാര്യങ്ങളേയും ചെയ്തുകൊണ്ടും ജനങ്ങളെ ആശീർവദിച്ചും അവരുടെ നിഷ്കളങ്കമായ ഭക്തി ബഹുമാനങ്ങൾക്കും പൂജകൾക്കും പാത്രീഭവിച്ചുകൊണ്ടും മീനമാസം മദ്ധ്യത്തോടുകൂടി വർക്കല മഠത്തിൽ സുഖമായി വന്നു ചേരുകയും ചെയ്തു. ഈ തവണത്തെ സഞ്ചാരംകൊണ്ടു സ്വാമി അവർകളോടു ജനങ്ങൾക്കു ജനങ്ങളോടു അദ്ദേഹത്തിനും ഉള്ള ബഹുമാനസ്നേഹബന്ധങ്ങൾക്കു പൂർവ്വാധികമായ ഒരു ഉണർച്ച ഉണ്ടായിരിക്കുന്നതായിക്കാണുന്നതിൽ സന്തോഷിക്കുന്നു. അടുത്ത ഒരു യാത്രയോടുകൂടി അദ്ദേഹത്തിന്റെ നാമത്തിലും അദ്ധ്യക്ഷതയിലും സ്ഥാപിക്കപ്പെട്ടിരിക്കുന്ന ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്നു ഇതിനേക്കാൾ പ്രത്യക്ഷങ്ങളായ പല ഗുണങ്ങളും സിദ്ധിക്കുന്നതാണെന്നു ഞങ്ങൾക്ക് ആശിപ്പാൻ വകയുണ്ട്. ഈ യാത്രയിൽ ഉണ്ടായ പ്രധാനങ്ങളായ വിവരങ്ങളിൽ പലതും ഞങ്ങൾ

Digitized By Kerala Sahitya Akademi

ക്കു കിട്ടാൻ ഇടയാകാത്തതിൽ വ്യസനിക്കുന്നു. സ്വാമി അവർകളുടെ ഐശ്ചികമായ സഞ്ചാരത്തിൽ ഉള്ള എല്ലാ വിവരങ്ങളും രേഖപ്പെടത്തക്കവണ്ണം ഏർപ്പാടുചെയ്യുവാൻ പ്രയാസമുണ്ടെങ്കിലും മേലാൽ കുറേക്കൂടി തൃപ്തികരമായ വിധത്തിൽ ഏർപ്പാടുചെയ്‌വാൻ ശ്രമിക്കുന്നതാണ്.

## ഒരു ദുർദ്ധാരണ

'ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകൾ മലബാറിൽ പ്രതിഷ്ഠിച്ച ക്ഷേത്രം പ്രതിഷ്ഠ കഴിഞ്ഞ ഉടൻ തീകത്തിപ്പോയി, എന്നു ഒരു ലേഖകൻ ഒരു മാന്യപത്രത്തിനു അറിവുകൊടുക്കയും മററനേകം മാന്യപത്രങ്ങൾ അതിനെ പകർത്തുകയും ചെയ്തിരിക്കുന്നതായിക്കാണുന്നു. സ്വാമി മലബാറിൽ പ്രതിഷ്ഠ കഴിച്ചിട്ടുള്ള ക്ഷേത്രം തലശേരിയിലെ 'ജഗന്നാഥ' ക്ഷേത്രമാണ്. അതു ഭാഗ്യവശാൽ ഇപ്പോഴും ഉത്തരോത്തരം അഭിവൃദ്ധിയിലാണ്. എന്നാൽ കണ്ണൂരിൽ ഈയിടെ ഒരു ക്ഷേത്രത്തിൽ ആരംഭിച്ച ഷഡാധാര പ്രതിഷ്ഠ ചെയ്തിട്ടുണ്ട്. അതിനടുത്തു ഭജനം നടത്താവുന്നതായ ഒരു ഓലപ്പുരയ്ക്കു ഷഡാധാര പ്രതിഷ്ഠ കഴിഞ്ഞ ഇടയ്ക്കു എങ്ങനെയോ തീ പിടിക്കുകയും അതു കത്തിപ്പോകുകയും ചെയ്തിട്ടുള്ളതു ശരിയാണ്. അതിൽ വച്ചുഭാരവാഹികൾക്കുള്ള നഷ്ടവും നിസ്സാരമത്രെ. ഇംഗ്ങനെയുള്ള നിസ്സാരസംഗതികളെ വേണ്ടത്രവിവരത്തോടുകൂടാതെയും തെററിദ്ധാരണക്കിടയാവുന്ന വിധത്തിലും പൊതുജനങ്ങളെ ധരിപ്പിക്കുന്നതിൽ വച്ചു ചിലപ്പോൾ ചില കുഴപ്പങ്ങൾ ഉണ്ടാകാമെന്നുള്ളതാണ്.

(വിവേകോദയം 1085 മകരം—കുംഭം)

## സ്വാമി തിരുനാൾ

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളിലെ 55-ാമത്തെ തിരുനാൾ ഈ വരുന്ന ചിങ്ങം 23-ാംനു- ആകുന്നു. ഈ അവസരം നമ്മുടെ സമുദായത്തിൽ എങ്ങും ജനങ്ങൾ ഭക്തിപൂർവ്വം കൊണ്ടാടിവരുന്നതാണെന്നും പറയേണ്ടതില്ലല്ലോ. സ്വാമിയിൽ ഭക്തി ജനങ്ങൾക്കു പ്രതിദിനം വർദ്ധിച്ചുവരുന്നതു് അവിടത്തെ അലൗകികവും സ്വാർത്ഥരഹിതവും പരിശുദ്ധവുമായ ജീവിതത്തെ നോക്കിയാൽ ആശ്ചര്യമല്ല. ഇങ്ങനെയുള്ള ഒരു അസാധാരണ നേതാവിനെ ലഭിച്ചതു നമ്മു

Digitized By Kerala Sahitya Akademi

ടെ സമുദായത്തിനു നിശ്ചയമായും വലിയ ഭാഗ്യോദയമാണ്. എന്നാൽ ഈ അവസരത്തിൽ സ്വാമിതൃപ്പാദം കൊണ്ടു സമുദായത്തിന്റെ ഗുണത്തെ ഉദ്ദേശിച്ചു ചെയ്തുവരുന്ന പ്രവർത്തികളെപ്പററി ഒരുവാക്കു പറയുന്നത് അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു. ശിവഗിരിയെ നമ്മുടെ മതസംബന്ധമായും മററു പൊതു ഗുണവിഷയമായും ഉള്ള പ്രവൃത്തികളുടെ ഒരു കേന്ദ്രമാക്കേണമെന്നു സ്വാമിക്കുള്ള ആഗ്രഹം പലവിധത്തിലും അറിയപ്പെട്ടിട്ടുള്ളതാണല്ലോ. എട്ടു കൊല്ലങ്ങൾക്കു മുമ്പു നിർജ്ജനവും ശൂന്യവുമായിരുന്ന ശിവഗിരിപ്രദേശം ഇപ്പോൾ ഏതു സ്ഥിതിയിൽ ഇരിക്കുന്നു എന്നു ജനങ്ങൾ കണ്ടുതന്നെ അറിയേണ്ടതാണ്. ശിവഗിരിമഠത്തോടു ചേർന്നു ബ്രഹ്മചാരികളെ മതസംബന്ധമായും പരോപകാരകമായുള്ള വിഷയങ്ങളിൽ നല്ലവണ്ണം അഭ്യസിപ്പിക്കുന്നതിനുവേണ്ടി നിത്യമായ ഒരു സ്ഥാപനവും ഒരു സംസ്കൃതപാഠശാലയും ഒരു ഇംഗ്ലീഷ്സ്കൂളും മററും സ്ഥാപിച്ചു ശരിയായി നടത്തികൊണ്ടു പോകണമെന്നാണ് സ്വാമി തൃപ്പാദങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ അവിടെ ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന സംസ്കൃതപാഠശാലയും മററ് ഏർപ്പാടുകളും തൃപ്തികരമായ നിലയെ പ്രാപിപ്പാൻ താമസം നേരിടുന്നതു ശിവഗിരിമഠത്തിന്റെ അഭിവൃദ്ധിയെ ഉത്കണ്ഠയോടെ നോക്കുന്നവർക്കു വലിയ ശല്യമായി തോന്നാതിരിക്കയില്ല. ശാരദാമഠം പണികഴിഞ്ഞിട്ടു കൊല്ലം ഒന്നിനുമേലായി. അതിലെ പ്രതിഷ്ഠ പല സമയത്തേക്കും നീട്ടിവച്ചു കൊണ്ടു പോകയാണെന്നുള്ള കാര്യം രഹസ്യമല്ലല്ലോ. പ്രതിഷ്ഠക്കു വേണ്ട അനേകം സാമഗ്രികൾ ഇനിയും തയാറായിട്ടില്ല. അതുകൊണ്ടാണ് നീട്ടുന്നത്. ദീർഘസൂത്രത അശേഷം രുചിക്കാത്ത മഹാന്മാരിൽ ഒരു ദേഹമാണ് സ്വാമി തൃപ്പാദങ്ങൾ എന്നു അദ്ദേഹത്തോടു അല്പമെങ്കിലും പരിചയമുള്ളവർ നല്ലവണ്ണം സമ്മതിക്കുന്നതാണ്. എന്നാൽ പിന്നെ എന്തുകൊണ്ടാണ് ശിവഗിരിയുടെ അഭിവൃദ്ധി മന്ദഗതിയായിരിക്കുന്നതു്? പണത്തിന്റെ കുറവുമാത്രംകൊണ്ടാണ്. അനേകം യോഗ്യന്മാർ പലപ്പോഴും ശിവഗിരിയെ പണംകൊണ്ടു് സഹായിച്ചിട്ടുണ്ടു്. ഇപ്പോഴും പലരും സഹായിക്കുന്നുമുണ്ടു ശരിതന്നെ. എന്നാൽ ശിവഗിരിയെപ്പോലുള്ള ഒരു സ്ഥാപനത്തിനുവേണ്ടിവരുന്ന നിത്യമായ ചെലവുകൾ വല്ലപ്പോഴും ഒരിക്കൽ വല്ലവരും ചെയ്യുന്ന സഹായങ്ങൾ കൊണ്ടു നടത്തിപ്പോരാവുന്നതല്ല. എത്രയോ കെട്ടിടങ്ങൾ കെട്ടേണ്ടി വരുന്നു. അനേകം യോഗ്യാതിഥികൾക്കും ആഹാരാദിസൗകര്യങ്ങൾ നിത്യം അന്വേഷിക്കേണ്ടതായിരിക്കുന്നു. അദ്ധ്യാപകന്മാർക്കു മാസപ്പടി കൊടുക്ക മുതലായ ചെലവുകൾ നിയതമായിരിക്കുന്നു. ഇതെല്ലാം ആലോചിച്ചാൽ കഴിച്ചുകൂട്ടാൻ തന്നെ ഞെരുങ്ങേണ്ടി വരുമ്പോൾ എങ്ങ

Digitized By Kerala Sahitya Akademi

നെയാണ് നാം മാം വർദ്ധിക്കുന്നതു്. എങ്ങനെയാണ് നാം ആഗ്രഹിക്കുന്ന വേഗത്തിൽ അതു് ഒരു നല്ലനിലയിൽ എത്തുന്നത്. അന്വേഷണവും ഭരണവും മററും എത്രതന്നെ ബുദ്ധിപൂർവ്വമായി ചെയ്താലും പണം കൊണ്ടു സാധിക്കേണ്ട കാര്യങ്ങൾ പണം കൊണ്ടല്ലാതെ സാധിക്കാവുന്നതല്ലല്ലോ. ഈ വസ്തുതയെ ഹൃദയപൂർവ്വം ചിന്തിച്ചു തിരുനാൾ ദിവസം മററുപ്രകാരത്തിൽ സ്വാമി തൃപ്പാദങ്ങളെ ജനങ്ങൾ സ്മരിക്കയും ആരാധിക്കയും ചെയ്യുന്നതു പോലെതന്നെ അവരവരാൽ കഴിയുന്ന വല്പസംഖ്യയും ഗുരുപാദ സംഭാവനയായി സങ്കല്പിച്ചു ശിവഗിരിയിലേക്കു അയച്ചുകൊടുക്കുന്നതു അവിടത്തെ അനുഗ്രഹത്തെ സമ്പാദിക്കുന്നതിനും നമ്മുടെ ലൌകിക വൈദികമായ ശ്രേയസ്സുകൾക്കും ഏററവും ഉപയുക്തമായിരിക്കുമെന്നുള്ളതിനാൽ അപ്രകാരം കഴിയുന്ന ചെറിയ സംഭാവനകൾ ചെയ്വാൻ താല്പര്യമുണ്ടാകേണമെന്നു ഞങ്ങൾ സ്വജനങ്ങളിൽ എല്ലാവരോടും ഈ അവസരത്തിൽ പ്രത്യേകം ഉണർത്തിച്ചുകൊള്ളുന്നു. ഈ മാതിരി സംഭാവനകൾ പല ധർമ്മസ്ഥാപനങ്ങളിലും നടന്നുവരുന്നതുമാണ്. രാമകൃഷ്ണമിഷ്യൻ, വിവേകാനന്ദസ്വാമി, ആനിബസൻറുമദാമ്മ, മുതലായവരുടെ ജന്മനക്ഷത്രങ്ങളിൽ അവരെപ്പററി അഭിമാനമുള്ളവർ ഈ മാതിരി സംഭാവനകൾ ഇന്നും ചെയ്തുവരുന്നുണ്ടു്. നമുക്കും ആ മര്യാദയെ എന്തുകൊണ്ടു അനുവർത്തിച്ചുകൂടാ. അനുവർത്തിക്കാത്തതു അവിനയവും അനുവർത്തിക്കുന്നതു ഗുരുപ്രീതിക്കും നമ്മുടെ അഭിവൃദ്ധിക്കും ഹേതുവുമാകുന്നു.

നമ്മിൽ ഓരോരുത്തർ മാത്രമല്ല സ്വാമിതിരുനാളാഘോഷാർത്ഥമായി നമ്മുടെ സമുദായക്കാരാൽ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നതും ഏർപ്പെടുത്തപ്പെടുന്നതുമായ എല്ലാ സംഘങ്ങളും ആഘോഷസംബന്ധമായ ചിലവിലേക്കു പിരിച്ചെടുക്കുന്ന പണങ്ങളിൽ ഒരംശം സ്വാമി തൃപ്പാദങ്ങളിൽ അടിയറക്കായി സങ്കല്പിച്ചു ശിവഗിരിയിലേക്കു അയച്ചുകൊടുക്കുന്നത് ഒരു പ്രത്യേക കൃത്യമായി കരുതേണ്ടതാകുന്നു ഇപ്പോൾതന്നെ ചുരുക്കം ചില മാന്യന്മാരും സംഘങ്ങളും ഈ വക സംഭാവനകൾ സ്വാമിതിരുനാൾ സംബന്ധിച്ചു ചെയ്തുവരുന്നുണ്ടു്. എന്നാൽ ഏതാനും ചിലർ മാത്രം ചെയ്യുന്ന സംഭാവനകൾ എത്രതന്നെ ഗണ്യമായിരുന്നാലും അധികംപേർ ചെയ്യുന്ന നിസ്സാര സഹായങ്ങളെ ഒന്നിച്ചുകൂട്ടുമ്പോൾ ഉണ്ടാകുന്നതു വലുതായും സാരമായും ഇരിപ്പാൻ ഇടയില്ല. അതുകൊണ്ടു ഈ സംഗതിയിൽ എല്ലാവരും മനസ്സുവച്ചു പ്രവൃത്തിപ്പാൻ നോക്കണമെന്നു വീണ്ടും ഞങ്ങൾ സ്വജനങ്ങളെ ഊർജിതമായി ഉണർ

Digitized By Kerala Sahitya Akademi

ത്തിച്ചുകൊള്ളുകയും അവർ അതിനെ സന്തോഷപൂർവ്വം കയ്ക്കൊള്ളുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

(വിവേകോദയം 1086 മിഥുനം, കർക്കിടകം)

## സ്വാമിതൃപ്പാദങ്ങളുടെ തെക്കൻ സഞ്ചാരം

ബ്രഹ്മശ്രീ നാരായണഗുരു സ്വാമി തൃപ്പാദങ്ങൾ ഇപ്പോൾ നെയ്യാററുങ്കര താലൂക്കിൻെറ പല ഭാഗങ്ങളിലും സഞ്ചരിക്കയാകുന്നു. തൃപ്പാദങ്ങൾ അനേകവർഷമായി വടക്കൻ ദിക്കുകളിൽ ഏതാണ്ടു സ്ഥിരതാമസംപോലെ കഴിച്ചു കൂട്ടിമടങ്ങി എത്തിയിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ നാട്ടുകാർക്കുണ്ടായിരിക്കുന്ന ഉണർച്ചയും ഭക്തിയും സ്നേഹവും ബഹുമാനവും അവർണ്ണനീയമായിരിക്കുന്നു. വളരെ വളരെക്കാലമായി വിചാരിച്ചു വന്നിരുന്ന ദേശസഭകൾ സ്ഥാപിക്കുന്നതിന് ഈ അവസരത്തെ അവിടുന്നു ഉപയോഗിക്കുന്നു എന്നുള്ളതാണ്, ഈ യാത്രയിലെ സംഭവങ്ങളിൽ ഏററവും സ്മരണീയമായ ഒന്ന്. അരുവിപ്പുറം നെയ്യാററുങ്കര അരിമാന്നൂർ, കോട്ടുകാൽ ഈ സ്ഥലങ്ങളിൽ സ്വജനങ്ങൾ പ്രത്യേകം പ്രത്യേകം സഭകൾ കൂടുകയും എസ്.എൻ.ഡി.പി. യോഗത്തിൻെറ ഉദ്ദേശ്യങ്ങളെ നടപ്പിൽ വരുത്തുന്നതിനായി അതായതു സമുദായത്തിൻെറ ആത്മീയവും ലൌകികവുമായ അഭിവൃദ്ധിക്കായി യത്നിക്കുന്നതിനായി അവിടവിടെ പ്രത്യേകം ദേശസഭകൾ സ്ഥാപിക്കുന്നതിനു എല്ലാ ഏർപ്പാടുകളും ചെയ്തു കഴികയും ചെയ്തിരിക്കുന്നു. മററുസ്ഥലങ്ങളിലും ഉടനെ പ്രവർത്തികൾ തുടങ്ങുന്നതാണ്. സ്വാമിതൃപ്പാദങ്ങളിലെ സമുദായികവും മതസംബന്ധവുമായ പ്രയത്നങ്ങളിൽ ആദ്യം മുതൽക്കേ മുന്നിട്ടു നിന്നു പ്രവർത്തിച്ചുവന്ന മ.രാ.രാ.പി. പരമേശ്വരൻ (മാനേജർ) അവർകൾ ദേശസഭാസ്ഥാപന വിഷയത്തിൽ ചെയ്യുന്ന ശ്രമം പ്രത്യേകം സ്തുത്യർഹമായിരിക്കുന്നു. സ്വജനങ്ങളുടെ അറിവിന്നായി ദേശസഭകളുടെ മാതൃകാ നിബന്ധനകളെ ഞങ്ങൾ മറെറാരു ദിക്കിൽ ചേർത്തിട്ടുണ്ട്.

## സ്തുത്യർഹമായ മതപരിവർത്തനം

നെയ്യാററുങ്കര കോട്ടുകാൽ അധികാരത്തിൽ അനേക നൂററാണ്ടുകാലമായി ഈഴവരിൽ പല കുടുംബക്കാരും മതത്തിൽ ക്രിസ്ത്യാനികളും ജാതിയിൽ ഈഴവരുമായി വർത്തിച്ചുവരുന്ന

Digitized By Kerala Sahitya Akademi

സംഗതി പുറത്തുള്ളവർ അറിഞ്ഞിരിപ്പാൻ ഇടയില്ല. ഇവരെ പ്പററിയാണ് ഡിസ്ത്രിക്ട് ജഡ്ജി മിസ്റ്റർ. ചെറിയാൻ ഗവ ണ്മെൻറിനു സമർപ്പിച്ച ക്രിസ്ത്യൻ കമ്മീഷൻ റിപ്പോർട്ടിൽ അവ രുടെ അവകാശക്രമം മക്കളും മരുമക്കളും വഴിയാകയാൽ പ്രത്യേ കം തള്ളിനിറുത്തി നിർദ്ദേശിച്ചിട്ടുള്ളത്. ഇവർ അനേകം തലമു റകളായി പള്ളികൾ വെച്ചു ആരാധന നടത്തി വരികയും എന്നാൽ അവരുടെ ഹിന്ദുകുടുംബങ്ങളുമായുള്ള ചാർച്ചയും വേ ഴ്ചയും അവകാശവും കൈവിടാതെ വച്ചുകൊണ്ടിരിക്കയും ആയിരുന്നു. അങ്ങനെയിരിക്കെ പന്ത്രണ്ടു കൊല്ലം മുമ്പു എസ് എൻ ഡി പി യോഗം സ്ഥാപിച്ചു. ഈഴവരുടെ സമുദായ സംബന്ധങ്ങളായ കാര്യങ്ങളെയും ആചാര നടപടികളെയും പരിഷ്കരിപ്പാൻ ആരംഭിച്ചതു മുതൽ യോഗത്തിലുൾപ്പെട്ട ഈഴവർ ക്രിസ്തുമതവിശ്വാസികളുമായുള്ള ചാർച്ചയെ അശേഷം ത്യജിപ്പാൻ തുടങ്ങുകയും ആ ശാഠ്യം നിമിത്തം രണ്ടു കൂട്ടമായി പല വൈരക്കേടുകളും ഉണ്ടാകയും ചെയ്തു. സ്വത്ത വകാശം സംബന്ധിച്ചും കുടുംബക്ഷേമം സംബന്ധിച്ചും സ്നേഹം സംബന്ധിച്ചും മററും ഈ വൈരക്കേ ടു വരുത്തിക്കൂട്ടിയ അനർത്ഥങ്ങൾ ചില്ലറയല്ലായിരു ന്നു. എന്നാൽ ഇപ്പോൾ അങ്ങനെയുള്ള ക്രിസ്തുമതവിശ്വാസി കളായ ഈഴവരുടെ പ്രധാന നേതാക്കന്മാരെ എല്ലാം സ്വാമി തൃപ്പാദങ്ങൾ ഇതാ ഹിന്ദുമതത്തിലേക്കു തിരിച്ചെടുക്കയും അവ രെ പഴയപോലെ കൂടി നടപ്പാൻ അനുവദിക്കയും ചെയ്തിരി ക്കുന്നു. അവർക്കായി പള്ളികളുടെ സ്ഥാനത്തു് ക്ഷേത്രങ്ങൾ സാധിച്ചുകൊടുപ്പാൻ തൃപ്പാദങ്ങൾ ഏർപ്പാടു ചെയ്തു വരുന്നു. അവർ എസ് എൻ ഡി പി യോഗത്തിലും ദേശസഭക ളിലും അംഗങ്ങളിലായി ചേർന്നു വരുന്നു. അവരുടെ പഴയ ഹിന്ദുബന്ധങ്ങളും അവരും തമ്മിൽ ഇപ്പോൾ അഭൂത പൂർവ്വ മായ മമതാബന്ധത്താൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

## തൃപ്പാദങ്ങളും പുലയരും

പുലയരുടെ നേതാവായ മിസ്റ്റർ അയ്യൻ കാളിയും മററു പലരും സ്വാമി തൃപ്പാദങ്ങളെ കോട്ടകാൽവച്ചു ചെന്നു സന്ദർ ശിക്കയുണ്ടായി. ഈ അവസരത്തിൽ എസ്. എൻ. ഡി. പി. യോഗം പ്രവർത്തകന്മാരിൽ അവർക്കുണ്ടായിക്കൊണ്ടിരിക്കു ന്ന ഹൃദയ പൂർവ്വമായ സഹായത്തേയും ഈഴവസമുദായത്തി ലുള്ള എല്ലായോഗ്യന്മാരും അവരോടു പ്രദർശിപ്പിക്കുന്ന നിഷ്കപടമായ അനുകമ്പയേയും പററി അവർക്കുള്ള കൃത ജ്ഞതയെ മിസ്റ്റർ. കാളി പ്രസ്താവിക്കുന്നതുകേട്ടു തൃപ്പാദ

Digitized By Kerala Sahitya Akademi

ങ്ങൾക്കു കൃതാർത്ഥത തോന്നി എന്നറിയുന്നതിൽ ഞങ്ങൾ ഏററവും സന്തോഷിക്കുന്നു. ലഹളയുടെ കാരണങ്ങളും വിവരങ്ങളും അറിഞ്ഞു് ദയാനിധിയായ അവിടുന്നു അത്യന്തം വ്യസനിക്കയും ഈഴവരിൽ വിവരമില്ലാത്ത ചിലർ കൂടി ചില ദിക്കുകളിൽ ലഹളക്കാരോടു ചേർന്നു പ്രവർത്തിച്ചതിനെപ്പററി പ്രത്യേകം അന്വേഷിച്ചു അങ്ങനെയുള്ളവരോടു കഠിനമായ അതൃപ്തി പ്രദർശിപ്പിക്കയും ചെയ്തു. ടി താലൂക്കിലുള്ള സകല ഈഴവപ്രമാണികളോടും പുലയരുടെ ഉൽഗതിക്കുള്ള യത്നങ്ങളിൽ അവരെ പ്രത്യക്ഷമായും പ്രബലമായും സഹായിക്കേണ്ടകാലം അതിക്രമിക്കുന്നു എന്നു് അവിടുന്നു കരുണയോടെ ഉപദേശിക്കയും അതിനായി നിഷ്കർഷിച്ചു ആവശ്യപ്പെടുകയും ചെയ്തു. 'അയലുതഴപ്പിതിനായതിപ്രയത്നം നയമറിയും നരനാചരിച്ചിടേണം', എന്നതാണല്ലോ അവിടുത്തെ സ്വന്തമുദ്രാവാചകം.

(വിവേകോദയം 1090 ധനു)

## സ്വാമി തൃപ്പാദങ്ങൾ

ചിങ്ങമാസത്തിലെ ചതയം നക്ഷത്രം കേരളത്തിലെ തീയർക്കു് മിക്കവാറും തിരുവോണം പോലയോ അതിനേക്കാളുമോ പ്രാധാന്യമുള്ള ഒരു പുണ്യദിവസമായിത്തീർന്നിരിക്കയാണല്ലോ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങൾ അവതരിച്ച സുദിനമാകയാലാണ് ആ നാളിനെ നാമൊക്കെ കൊണ്ടാടുന്നതെന്നു് നമ്മുടെ കുട്ടികളോടു ചോദിച്ചാൽ തന്നെ പറയുന്നതാണ്. എന്നാൽ ഇക്കൊല്ലത്തെ സ്വാമിതിരുനാൾ സാധാരണയിൽ കവിഞ്ഞ പ്രാധാന്യമുള്ളതാകുന്നു. തൃപ്പാദങ്ങൾക്കു 60-ാമത്തെ തിരുവയസ്സു പൂർത്തിയാകുന്നതു ഈ വരുന്ന തിരുനാളിലാണ്. ഈ ഷഷ്ടിപൂർത്തി നമ്മുടെ ജനങ്ങൾ അധിവസിക്കുന്ന ഏതു സ്ഥലങ്ങളിലും ഏതുഭവനങ്ങളിലും യഥാശക്തി അവനവൻ ആഘോഷിക്കുമെന്നുള്ളതു നിസ്സംശയമാണ്. നമ്മുടെ പല സമാജങ്ങളിലും ഈ അപൂർവ്വസുദിനത്തെ പ്രത്യേകം പ്രത്യേകം കൊണ്ടാടുന്നതും സകലദേവാലയങ്ങളിലും ഭജനമഠങ്ങളിലും പൂജയും ആരാധനകളും നടക്കുന്നതാണെന്നുള്ളതും അനവധിസ്ഥലങ്ങളിൽ സാധുക്കൾക്കു ഭക്ഷണം മുതലായ പുണ്യകർമ്മങ്ങൾ ഉണ്ടാകുമെന്നുള്ളതും തീർച്ചയാണ്. ഇതിനെ ഒക്കെക്കാൾ ഞങ്ങൾക്കു അഭിനന്ദനീയമായിരിക്കുന്നതു നമ്മുടെ വർഗ്ഗത്തിൻെറ സകലവിധ നന്മക്കും ഹേതുഭൂതനായ ആ മഹാത്മാവിൻെറ സ്മരണയെ നിലനിർത്തുന്ന ഉപയുക്ത

Digitized By Kerala Sahitya Akademi

ങ്ങളായ ചില സ്ഥാപനങ്ങൾ ഇതോടുകൂടി ഏർപ്പെടാൻ പോകുന്നുയെന്നുള്ളതാണ്. വടക്കേ മലയാളത്തിൽ ജ്ഞാനോദയ യോഗക്കാരുടെ ശ്രമത്തിൽ അവിടത്തെ സ്വജനങ്ങളായ വിദ്യാർത്ഥികളെ സഹായിപ്പാൻ ഒരു വലിയ ധനശേഖരം ഇതു സംബന്ധിച്ച ഏർപ്പെടുത്തുമെന്നറിയുന്നു. കൊച്ചിയിൽ സ്വജനങ്ങൾ ഈ അവസരത്തിൽതന്നെ തൃശൂർ ഒരു സമാജമന്ദിരം സ്ഥാപിപ്പാൻ ആലോചിച്ചു യത്നിച്ചുവരുന്നതായി കേൾക്കുന്നു. മാവേലിക്കര സെക്കണ്ടറി സ്കൂളിനോടടുത്തു മദ്ധ്യ തിരുവിതാംകൂറിലെ സഹോദരങ്ങളുടെ ശ്രമത്തിൽ വലുതായ ഒരു വിദ്യാർത്ഥി സദനത്തിനു ഈ അവസരത്തിൽ അടിസ്ഥാനമിടുന്നതിനുള്ള യത്നങ്ങൾ ഉത്സാഹപൂർവ്വം നടന്നുവരുന്നതായിക്കാണുന്നു. ആലുവാ അദ്വൈതാശ്രമത്തിൽ ഇപ്പോൾ പണിനടന്നുവരുന്ന സംസ്കൃതവിദ്യാമന്ദിരം ആ മംഗളാവസരത്തിൽ ഉദ്ഘാടനം ചെയ്യുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. യോഗത്തിൽ നിന്നു ഷഷ്ടിപൂർത്തി ആഘോഷിപ്പാൻ നിയമിച്ചിരിക്കുന്ന കമ്മററിയിൽനിന്നു യോഗത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരത്തു തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി സ്മാരകമായി ശ്രീനാരായണ മെമ്മോറിയൽ ഹാൾ ഈ അവസരത്തിൽ തുറക്കുന്നതിനും അതോടുകൂടി കോളേജ് വിദ്യാർത്ഥികളുടേയും മററും ഉപയോഗത്തിനായി ഒരു വിദ്യാർത്ഥി സദനവും ഒരു അതിഥി മന്ദിരവും കൂടി ആരംഭിക്കുന്നതിനും വേണ്ട ശ്രമങ്ങൾ നടന്നുവരികയും ആ വകക്കായി 6000ക വിലയ്ക്കു ഈ ടൗണിൽ ഒരു പ്രധാന ഭാഗമായ കൈതമുക്കിൽ രണ്ടു നിലയിൽ ഭംഗിയും വലിപ്പവുമുള്ള ഒരു കെട്ടിടവും അതോടു ചേർന്ന പറമ്പും മററും തീറുവാങ്ങാൻ യോഗത്തിൽ നിന്നു തീർച്ചയാക്കി കൗൺസിലിനെ ഭാരമേല്പിക്കുകയും ചെയ്യുന്നു. യോഗത്തിൽ നിന്നു എഴുതിവാങ്ങുന്ന ടി സ്ഥലത്തു കൂടുതലായി കെട്ടിടങ്ങൾ മുതലായതു നിർമ്മിക്കുകയും ഷഷ്ടിപൂർത്തി മഹോത്സവം ഉചിതമായ വിധത്തിൽ കൊണ്ടാടുകയും ചെയ്യുന്നതിനുവേണ്ട ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു. സമുദായവകയായി പതിവനുസരിച്ചും പുത്തനായും ഇത്തവണ തിരുനാളാഘോഷിക്കുന്നവർ എല്ലാം യോഗംവകയായ ആഘോഷത്തെ കഴിയുന്നത്ര സഹായിക്കുകയും മേല്പറഞ്ഞ സ്ഥാപനങ്ങളുടെ പൂർത്തീകരണത്തിനായി വേണ്ട ഒത്താശകളെല്ലാം ചെയ്യുകയും ചെയ്യുമെന്നു കമ്മിററിക്കാർ സ്നേഹവിശ്വാസപൂർവ്വം പ്രതീക്ഷിച്ചിരിക്കുന്നു. ശേഷം വിവരങ്ങൾ അടുത്തതിൽ.

(വിവേകോദയം 1091 മേടം—ഇടവം)

Digitized By Kerala Sahitya Akademi

# 'ചക്രവർത്തി'യുടെ ദുർദ്ധാരണ

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളെപ്പററി ദോഷാരോപണം ചെയ്തു് കൊച്ചിയിൽ നിന്നു പുറപ്പെടുന്ന 'ചക്രവർത്തി' എന്ന സഹജീവിയുടെ ഈ വൃശ്ചികം 19–ാംനു- ലെ പ്രതിയിൽ നായന്മാരും, പട്ടന്മാരും, എന്ന തലവാചകത്തിൽ ഒരു പത്രാധിപോന്യാസം പ്രസിദ്ധപ്പെടുത്തി കാണുന്നു. തോന്നിയതിനെ ഗുണമായാലും ദോഷമായാലും വിളിച്ചുപറയുന്ന പത്രങ്ങൾ നമ്മുടെ ഇടയിൽ ഉണ്ടെങ്കിൽ അതിലൊന്നാണ് 'ചക്രവർത്തി' എന്നുള്ള ബഹുമാനം ഈ സഹജീവിയെപ്പററി ഞങ്ങൾക്ക് എപ്പോഴുമുള്ളതാണ്. എന്നാൽ ഈ ഉല്കൃഷ്ടമായഗുണം ഒരു ഗുണമായിരിക്കുന്നത് തോന്നൽ എല്ലാം ശരിയായിരിക്കുമ്പോൾ മാത്രമാകുന്നു. വേണ്ടത്ര തെളിവുകൂടാതെ വല്ല ഏഷണിക്കാരുടെയും പ്രസ്താവങ്ങളെ വേദവാക്യം പോലെ വിശ്വസിച്ചു എന്തെങ്കിലും വിളിച്ചുപറയുന്നത് ഒരാൾക്കും ഭംഗിയായിട്ടുള്ളതല്ല. പിന്നെ പൊതുജന പ്രാതിനിദ്ധ്യം വഹിക്കുന്ന പത്രങ്ങൾക്ക് ഒട്ടും ഭംഗിയായിട്ടുള്ളതല്ലെന്നു പറയേണ്ടതില്ലല്ലൊ. 'ഈ നായന്മാരും പട്ടന്മാരും നമ്മുടെ ദ്വേഷികളാണ്, നായൻമാരും പട്ടൻമാരും തീയരെ ആട്ടിയോടിക്കുന്നു.' ഇത്യാദി കഠിനവാക്കുകൾ പറഞ്ഞു സ്വാമി, വർഗ്ഗങ്ങളെ തമ്മിൽ കൂട്ടിമുട്ടിക്കാൻ ശ്രമിക്കുന്നു എന്നാണ് ചക്രവർത്തി അദ്ദേഹത്തിൻെറ പാവനമായ ശിരസ്സിൽ കുററമാരോപിക്കുന്നത്. ഇതിനേക്കാൾ വലിയ പാപകരമായ കുററം ആ യഥാർത്ഥ പരിശുദ്ധ പുരുഷനിൽ ആരോപിക്കാനുണ്ടോ? ചക്രവത്തിക്കു കിട്ടിയ പ്രമാണം 'ശിവയോഗവിലാസം' എന്ന മാസികയിൽ ഒരു ലേഖകൻ എഴുതിയിരുന്ന ഉപന്യാസമാണ്. ശിവയോഗി എന്നുകൂടി പറയുന്ന ബ്രഹ്മാനന്ദസ്വാമി എന്ന ആൾ ബിംബാരാധനക്കും ക്ഷേത്രസംസ്ഥാപനത്തിനും വിരുദ്ധമായി ജനങ്ങളുടെ ഇടയിൽ ചില ശിഷ്യന്മാർ മുഖേന പ്രസംഗം നടത്തിയും പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയും നാരായണ ഗുരുസ്വാമിയെ ലക്ഷ്യമാക്കി പരോക്ഷമായും പ്രത്യക്ഷമായും ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു ഒരു വിരുദ്ധകക്ഷിയുണ്ടാക്കി അതിൻെറ നേതൃസ്ഥാനം വഹിച്ചുകൊണ്ടിരുന്ന ഒരു ദേഹമാണ്. അദ്ദേഹത്തിൻെറ നാമസ്മാരകമായി അദ്ദേഹമോ ശിഷ്യന്മാരോ നടത്തുന്ന മാസികയാണ് ശിവയോഗിവിലാസം. ഇതിൽനിന്നു ചക്രവർത്തി ചൂണ്ടിപ്പറയുന്ന ലേഖനത്തിൻെറയും ലേഖകൻെറയും പ്രാമാണ്യം മനസ്സിലാകുന്നതാണല്ലോ. നാരായണഗുരുസ്വാമി സകല ജനങ്ങളേയും ഒന്നുപോലെ സ്നേഹിക്കുന്ന ഒരു യഥാർത്ഥയോഗിയാണ്. ജാതിവൈരമെന്ന നീചമനോവൃത്തി അദ്ദേഹത്തിനോ അദ്ദേ

Digitized By Kerala Sahitya Akademi

ഹത്തോടു അല്പകാലമെങ്കിലും സഹവസിക്കാനിടയായിട്ടുള്ളവർക്കോ ഉണ്ടാകുന്നതല്ല. ചക്രവർത്തി കാണിക്കുന്ന വാചകങ്ങൾ അദ്ദേഹത്തിന്റെ നാവിൽ നിന്നു ഒരിക്കലും പുറപ്പെട്ടിട്ടുള്ളതും പുറപ്പെടുന്നതുമല്ല! നായന്മാർ പട്ടന്മാർ മുതലായവരിൽ ഇന്നും അദ്ദേഹത്തിനു അനേകം ആപ്തമിത്രങ്ങളും ശിഷ്യന്മാരുമുണ്ട്. ആ വർഗത്തിലുള്ള പലർക്കും പ്രത്യേകിച്ച് ചില വിദ്യാർത്ഥികൾക്ക് വളരെ സ്നേഹത്തോടും ദയയോടും ഇന്നും അവിടുന്നു യാതൊരു ഘോഷവും പുറപ്പെടുവിക്കാതെ ധനസഹായം മുതലായതു് ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. ഞങ്ങൾക്കാക്കും ഇതുവരെ അദ്ദേഹത്തിൽ ചക്രവർത്തി സംശയിക്കുന്ന നികൃഷ്ടമായ ദോഷം കാൺമാൻ കഴിഞ്ഞിട്ടില്ല. മററാരും തന്നെ കണ്ടിട്ടില്ലെന്നുമാണ് ഞങ്ങളുടെ വിശ്വാസം. സ്വാമി വിവേകാനന്ദൻ ചിക്കാഗോയിലും മററും ഹിന്ദുമതം പ്രസംഗിച്ചുകൊണ്ടു് സഞ്ചരിച്ചിരുന്നപ്പോൾ മിഷ്യനറി സംഘക്കാർ ക്ഷോഭിച്ച് അദ്ദേഹത്തെ ഒന്നുകൊണ്ടും തോൽപ്പിക്കാൻ കഴിയാഞ്ഞിട്ട് ഒടുവിൽ എന്തെല്ലാം നിന്ദ്യമായ വ്യാജപ്രസ്താവങ്ങളാണ് നാട്ടിൽനിറച്ചത്. അതിനെ ഒക്കെ നാം വിശ്വസിച്ചു എങ്കിൽ അതു ഒടുവിൽ എത്ര കഷ്ടമായിത്തീരുമായിരുന്നു. 'അയലുതഴപ്പതിനായതി പ്രയത്നം നയമറിയും നരനാചരിച്ചിടേണം' ഇതു നാരായണഗുരുസ്വാമിയുടെ മുദ്രാവാചകമാകുന്നു. അതു അദ്ദേഹത്തിന്റെ സ്വന്തകൃതികളിൽ ഒന്നിൽ ഉള്ള ഒരുവാക്യംതന്നെ ആകുന്നു. ആ വാക്യത്തെ സ്വന്തജീവിത ദൃഷ്ടാന്തംകൊണ്ടു് അദ്ദേഹം അക്ഷരാത്ഥമായി അനുഷ്ഠിക്കുന്ന മഹാനുഭാവനാകുന്നു. അദ്ദേഹത്തെപ്പററി 'ഒരുത്തനുണ്ടാക്കിയ ദുഷ്പ്രവാദം പരത്തുവാൻ കണ്ണുംപൂട്ടി പുറപ്പെട്ട ചക്രവർത്തിയുടെ ദുദ്ധാരണയെപ്പററി ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു.

(വിവേകോദയം 1091 വൃശ്ചികം)

## ഷഷ്ടിപൂർത്തി

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളിലെ ഷഷ്ടിപൂർത്തി സംബന്ധമായി ജനറൽ കമ്മിററിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയ പ്രകടന പത്രിക മറെറാരു ദിക്കിൽ ചുവടെ പകർത്തീട്ടുണ്ട്. കൈതമുക്കിൽ പുതുതായി യോഗത്തിൽനിന്നു വാങ്ങിയ സ്ഥലത്തുള്ള കെട്ടിടങ്ങൾ നന്നാക്കുക, പണിപൂർത്തിയാക്കുക, പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കുക മുതലായ പ്രവൃത്തികൾ ധൃതഗതിയായി നടന്നുവരുന്നു.

Digitized By Kerala Sahitya Akademi

സ്ഥലത്തുള്ള യോഗപ്രവർത്തകന്മാർ എല്ലാവരും മററു സമുദായ പ്രമാണികളും ഉത്സാഹപൂർവം ഓരോ ജോലികൾ കയ്യേററി നടത്തിവരുന്നു. സ്വാമിതൃപ്പാദങ്ങൾ ഇതിനിടെ ഈ പ്രവൃത്തികൾ ഇവിടെ എത്തി സന്ദർശിച്ചു തൃപ്തിപ്പെടുക യും പ്രധാന പ്രവർത്തകന്മാരോടു കെട്ടിടത്തിൻെറ ബാക്കി പ്പണികളെപ്പററി സാരമായ ഉപദേശങ്ങൾ നൽകുകയും ചെയ്തി രിക്കുന്നു. സ്മാരകമായി ആരംഭിപ്പാൻ പോകുന്ന വിദ്യാർത്ഥി സദനത്തേയും മററും പററി പ്രകടനപത്രികയിൽ പ്രസ്താ വിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിച്ചു പറയേണ്ട ആവശ്യ കതയില്ല. സമുദായത്തിന്നും പൊതുവിൽ ഇത്ര ഉപയുക്ത മായ സ്ഥാപനങ്ങൾ യോഗത്തിൽനിന്നു ഇതുവരെ കയ്യേററു നടത്തീട്ടില്ലെന്നുള്ളതു നിർവിവാദമാണ്. ഇത്ര പണച്ചിലവുള്ള ഒരു ചുമതലയും യോഗത്തിൽ നിന്നു ഇതുവരെ വഹിക്കേണ്ടി വന്നിട്ടില്ല. നമ്മുടെ സമുദായത്തിൻെറയും യോഗത്തിൻേറയും സകല ശ്രേയസ്സിനും നിദാനമായ സ്വാമി തൃപ്പാദങ്ങളിലെ ഷഷ്ടി പൂർത്തിയെക്കാൾ വലുതായ ഒരു സുദിനം നമുക്കുണ്ടാ വാൻ തരമില്ലാത്തതിനാൽ തൽസംബന്ധമായി യോഗത്തിൽ നിന്നു ഈ ശാശ്വതമായ സ്ഥാപനങ്ങൾ എത്ര വ്യയസാദ്ധ്യമാ ണെങ്കിലും കൈയേററതിനെ സമുദായ സ്നേഹികൾ ആരും അഭിനന്ദിക്കുമെന്നുള്ളത് തീർച്ചയാണ്. യോഗത്തിൻെറ ധന സ്ഥിതിക്കു ഇതുകൊണ്ടു ഉടവു തട്ടാതിരിപ്പാനും ആഘോഷ സംബന്ധമായ സംഗതികളെല്ലാം നമുക്കു അഭിമാനകരമായ വിധത്തിൽ കഴിഞ്ഞുകൂടാനും പണംകൊണ്ടും പ്രയത്നംകൊ ണ്ടും സാദ്ധ്യമായ സഹായങ്ങളെല്ലാം കമ്മിററിക്കുസമുദായ സ്നേഹികൾ ചെയ്തു കൊടുപ്പാൻ സന്നദ്ധരായിരിക്കേണമെന്നു ഞങ്ങൾ യോഗത്തിൻെറ പേരിൽ എല്ലാവരോടും പ്രത്യേകം അപേക്ഷിക്കുന്നു. ചുമതലയേററിയ കൃത്യാന്തരങ്ങളുടെ ഇടയിൽ സ്മാരകമന്ദിരത്തിൻെറ ഉദ്ഘാടന ക്രിയ ചിങ്ങം 25-നു കാലത്തു നടത്തിത്തരാൻ സമ്മതിച്ച നമ്മുടെ ദിവാൻ ബഹദൂർ എം. കൃഷ്ണൻനായർ അവർകളുടെ ദയക്കായി ഹൃദയപൂർവ്വം നന്ദിപറകയും കമ്മിററിയുടെ പ്രവർത്തികൾക്കു ഞങ്ങൾ സർവ്വ വിജയവും ആശംസിക്കയും ചെയ്യുന്നു.

(വിവേകോദയം 1091 മിഥുനം)

Digitized By Kerala Sahitya Akademi

# ശ്രീനാരായണ ഭക്തരോട് - എത്രദൂരം എത്തി

ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളുടെ 64—ാമത്തെതിരുനാാം ഈ 15-ാംനു-യാണല്ലോ. കേരളത്തിലെ തീയർ ഈ സുദിനത്തെ പതിവുപോലെ ഭക്തിപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. അവിടത്തേക്ക് ദീർഘായുരാരോഗ്യങ്ങളെ പ്രാർത്ഥിക്കയും സഭകൾ കൂടുകയും ആഘോഷങ്ങൾ നടത്തുകയും ചെയ്യുന്ന തിരക്കാണിപ്പോൾ. കയ്യൂക്കുള്ള ഹിന്ദുക്കൾ അനേക ശതവർഷമായി നിർദ്ദയവും നീചവുമായ വിധത്തിൽ ചവിട്ടിത്താഴ്ത്തിവച്ചിരിക്കുന്ന ഒരു വമ്പിച്ച ജനവിഭാഗത്തെ ആത്മീകമായും ലൗകികമായും ഉയിർത്തുകൊണ്ടു വരാൻ ഫലപ്രദമായി യത്നിക്കുകയും യത്നിച്ചുകൊണ്ടിരിക്കയും ചെയ്യുന്ന ഏക മഹാപുരുഷനാകുന്നു നമ്മുടെ സ്വാമി തൃപ്പാദങ്ങൾ. കേരളത്തിൽ ധനവും ശ്രമവും ജീവിതവും മുഴുവൻ ജനഹിതത്തിനായി വിശേഷിച്ചും താഴ്ത്തപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി ബലികഴിച്ചുകൊണ്ടിരിക്കുന്ന മഹാപരോപകാരികളിൽ അഗ്രഗണ്യനാകുന്നു നമ്മുടെ സ്വാമിതൃപ്പാദങ്ങൾ. മതസംബന്ധമായി അഗാധമായ ശാസ്ത്രജ്ഞാനവും സ്വാനുഭൂതിയും കൊണ്ടും ദൃഷ്ടാന്തയോഗ്യമായ സദാചാര നിഷ്ഠകൊണ്ടും ഇന്ത്യയിൽ ഇന്നു ജീവിച്ചിരിക്കുന്ന പരമഹംസന്മാരിൽ അദ്വിതീയമായ ഒരു സ്ഥാനത്തിനർഹനാകുന്നു നമ്മുടെ സ്വാമിതൃപ്പാദങ്ങൾ. വാസ്തവത്തിൽ ഈ മഹാത്മാവിനെ നേതാവായി ലഭിച്ച ഏകഭാഗ്യമാണ് ഇന്നു നമ്മുടെ സമുദായത്തിനുള്ളത്.

അതുകൊണ്ട് അവിടത്തെ ദീർഘജീവിതം സമുദായ ഭാഗ്യത്തിന്റെ ദീർഘജീവിതംതന്നെ ആകുന്നു. മഹാത്മാവായ സ്വാമി തൃപ്പാദങ്ങളുടെ ദീർഘായുരാരോഗ്യ ഭാഗ്യങ്ങൾക്കായി ഈ സന്ദർഭത്തിൽ ഞങ്ങൾ വിജ്ഞാനവർദ്ധിനി സഭയുടെ പേരിലും ഞങ്ങളുടെ സ്വന്തപേരിലും പരമകാരുണികനായ ജഗദീശ്വരനെ സർവ്വാത്മനാ പ്രാർത്ഥിച്ചു കൊള്ളുന്നു.

സ്വാമിതിരുനാൾ സംബന്ധിച്ച് നമ്മുടെ സമുദായക്കാരോട് രണ്ടുവാക്കു പറയേണ്ടതുണ്ട്. തൃപ്പാദങ്ങൾ സ്വാർത്ഥബുദ്ധിയോ വൃഥാഭിമാനമോ ലേശമില്ലാത്ത മഹാത്മാവാകുന്നു. അദ്ദേഹത്തിന്റെ പേരിൽ ആഘോഷങ്ങൾ നടത്തുന്നത് അദ്ദേഹത്തിനിഷ്ടമില്ലെന്ന് പല അവസരങ്ങളിലും അദ്ദേഹം നമ്മെ ഒക്കെ അറിയിച്ചിട്ടുണ്ട്. അവിടത്തെ സ്ഥിരവിശ്ര

Digitized By Kerala Sahitya Akademi

മസ്ഥലമായ അദ്വൈതാശ്രമത്തിൽ യാതൊരു ഘോഷവും നടത്താതിരിക്കുന്നതുതന്നെ അതുനിമിത്തമാകുന്നു. വൃഥാസഭകൾ കൂടി വെറും പ്രസംഗങ്ങൾ ചെയ്യുന്നതും അദ്ദേഹത്തിനിഷ്ടമില്ലാത്ത സംഗതിയാണ്, 'വാമൊഴി മൂലമായും 'വരമൊഴി' മൂലമായും അദ്ദേഹം ഉപദേശിക്കയും ചൂണ്ടിക്കാണിക്കയും ചെയ്തിട്ടുള്ള മാർഗ്ഗങ്ങളെ ജനങ്ങൾ അനുസരിച്ച് നടക്കയും, അതുകൊണ്ട് അവർ ഗുണപ്പെടുകയും ചെയ്യുന്നത് കാണുന്നതുപോലെ അതിസന്തോഷവും ചാരിതാർത്ഥ്യവുമുള്ള സംഗതി അവിടത്തേക്ക് വേറേയില്ല. അതുകൊണ്ട് നമുക്ക് യഥാർത്ഥമായ ഗുരുഭക്തിയുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ഹിതമനുസരിച്ച് നടക്കുന്നതിൽ ഇതുവരെ എത്ര ദൂരം നാം പോയിരിക്കുന്നു എന്നു നോക്കുകയും ഇനി എന്തെല്ലാമാണ് ആരംഭിക്കയോ നിറവേററുകയോ വേണ്ടതെന്നും എന്തെല്ലാമാണ് ഉടനെ പ്രവൃത്തിക്കേണ്ടതെന്നും ആലോചിച്ചുറയ്ക്കയും പ്രവൃത്തി തുടങ്ങുകയും ചെയ്യേണ്ട അവസരം ഇതാകുന്നു. തൃപ്പാദങ്ങൾ വീണ്ടും വീണ്ടും ഉപദേശിക്കാറുള്ള ചില സംഗതികളെ വായനക്കാരുടെ ഓർമ്മയ്ക്കായി താഴെക്കുറിക്കാം

## 1 ജാതിയുണ്ടെന്ന് വിശ്വസിക്കരുത്

മേൽജാതിയെന്നും കീഴ്ജാതിയെന്നുമുള്ള വയ്പ് സ്വാർത്ഥപരന്മാരുണ്ടാക്കിയ വെറും കെട്ടുകഥയാകുന്നു. അതിനെ ഒരിക്കലും സമ്മതിക്കരുത്. മനസ്സുകൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒരു പ്രകാരത്തിലും അതിനെ അനുസരിച്ച് വർത്തിക്കരുത്. കാരണം (1) ഇല്ലാത്തതിനെ ഉണ്ടെന്നു വിചാരിക്കുന്നത് മൗഢ്യമാണ്. (2) മേൽജാതിയുണ്ടെന്നുള്ള വിശ്വാസം ആത്മവിന്റെ സ്വച്ഛന്ദതയെ തടഞ്ഞു അഭിവൃദ്ധിയെ നശിപ്പിച്ച് ജീവിതം കൃപണവും നിഷ്പ്രയോജനവുമാക്കിത്തീർക്കുന്നു. കീഴ്ജാതിയുണ്ടെന്നുള്ള വിശ്വാസം മനസ്സിൽ ഡംഭും ദുരഭിമാനവും വദ്ധിപ്പിച്ച് ജീവിതത്തെ പൈശാചമാക്കി ദുഷിപ്പിക്കുന്നു.

## 2 വിദ്യാഭ്യാസം വർദ്ധിപ്പിക്കണം

മനുഷ്യന്റെ സകലവിധ അഭിവൃദ്ധികളും വിദ്യയെ ആശ്രയിച്ചിരിക്കുന്നു. ആദ്ധ്യാത്മികമായ അഭിവൃദ്ധിതന്നെ ശരിയായ വിദ്യാഭ്യാസമില്ലാതെ സിദ്ധിക്കുന്നില്ല. ലൗകികമായ എല്ലാവിഷയത്തിലും മനുഷ്യരെ ഉയർത്തുന്നത് വിദ്യാഭ്യാ

Digitized By Kerala Sahitya Akademi

സമാകുന്നു. വിദ്യാഹീനന്മാർക്കു ശരിയായ സ്വാതന്ത്ര്യബോധം ഉണ്ടാവാനിടയില്ല. ഉല്ക്കർഷച്ഛയുണ്ടാവാനിടയില്ല. അതുകൊണ്ടു് വിദ്യപഠിക്കയും പഠിപ്പിക്കയും പഠിത്തത്തിന്നായി കഴിയുന്ന സഹായങ്ങൾ എല്ലാം ചെയ്കയും ചെയ്യണം.

### 3 ദുർദ്ദേവതകളെ ആരാധിക്കരുത്.

മതസംബന്ധമായ മൂഢവിശ്വാസമരുത്. ഒരു മതത്തേയും ദ്വേഷിക്കരുത്

### 4 പ്രാണിഹിംസ ചെയ്യരുത്.

ഹിംസയേക്കാൾ വലുതായ പാപമില്ല, മനുഷ്യന്റെ സ്നേഹഗുണത്തെ അത് അപഹരിച്ചുകളയും. ഈശ്വരന്റെ പേരിൽ ഹിംസ നടത്തുന്നത് പരിഹാരമില്ലാത്ത മഹാപാപമാകുന്നു. പ്രാണികളെ ബലികൊടുക്കുന്ന ക്ഷേത്രങ്ങളിൽ തൊഴുകയോ പോകയോ കൂടി ചെയ്യരുത്.

### 5 വ്യവസായം വർദ്ധിപ്പിക്കണം.

ധനസമ്പാദനത്തിനുള്ള മുഖ്യ ഉപായം അതാണ്. ധനം കൊണ്ടല്ലാതെ സുഖജീവിതവും ഉല്ക്കർഷവും സാദ്ധ്യമല്ല. സാധുക്കൾക്ക് തൊഴിലുകൾ ഉണ്ടാക്കിക്കൊടുക്കണം. ഭിക്ഷയോ ദാനമോ കൊടുക്കുന്നതിനേക്കാൾ തൊഴിലുകൊടുക്കുന്നത് ഉത്തമമാണ്: ഭിക്ഷ വാങ്ങുന്നവന് ദാരിദ്ര്യം വദ്ധിക്കും. ദാനം വാങ്ങുന്നവന് ആത്മാഭിമാനം നശിക്കും.

### 6 കള്ളുചെത്തു കളയണം

മദ്യം ബുദ്ധിയേയും ആരോഗ്യത്തേയും നശിപ്പിക്കുന്ന വിഷമാണ്. അതിനെ ഉണ്ടാക്കി കുടിപ്പാൻ കൊടുക്കുന്നതു വലിയ പാപം. മദ്യപൻ ചെയ്യാൻ പാടില്ലാത്ത ദുഷ്കൃത്യം ഒന്നുമില്ല. ചെത്തുകാരനെകണ്ടാൽ കശാപ്പുകാരനുള്ളതിനെക്കാൾ വെറുപ്പുതോന്നും. അവന്റെ ദേഹവും വസ്ത്രവും വീടും പറമ്പുമെല്ലാം അറപ്പുതോന്നുന്ന ഒരുവക ദുർഗന്ധം വ്യാപിച്ചിരിക്കും. മദ്യവില്പനയുള്ള ഗൃഹത്തിൽ അടുക്കളെ ശുദ്ധമായിരിപ്പാൻ പ്രയാസം. സ്ത്രീകൾക്ക് മര്യാദ പാലിപ്പാൻ പ്രയാസം. തീയരിൽ സാധുക്കൾ മാത്രമേ ചെത്താറുള്ളൂ അവരുടെ സംഖ്യ ആയിരത്തിൽ ഒന്നു കാണുമോ എന്നു സംശയം. മററു വസ്തു

Digitized By Kerala Sahitya Akademi

ക്കാരിലുള്ള സാധുക്കളാരും ചെത്തിയല്ല കഴിയുന്നത്. ഇപ്പോഴം ചെത്തുകൊണ്ടുള്ള ആദായംതന്നെ മുഴുവൻ സർക്കാരിനു പോകുന്നു. കഷ്ടനഷ്ടങ്ങളും പാപവും മാത്രമേ ചെത്തുകാരനു ശേഷിക്കുന്നുള്ളു. പിന്നെ എന്തിനു തീയർ ചെത്തണം? വലിയലാഭമുണ്ടായാൽതന്നെ പാപകരമായ തൊഴിൽ മനുഷ്യൻ ചെയ്യരുത്.

(പ്രതിഭാ ഒമ്പതാംലക്കം 1096)

o o

Digitized By Kerala Sahitya Akademi

# ശ്രീ നാരായണ ഗുരു

**കുമാരനാശാൻ**

പ്രസാധകർ

ഇംപ്രിന്റ് ബുക്സ്

ISBN 81-85546-61-4

Digitized By Kerala Sahitya Akademi